കേരള ഗവർണ്ണർ

# ശ്രീ. ആർ. എൽ. ഭാട്ടിയ

2005 ജനുവരി 27-ാം തീയതി

കേരള നിയമസഭയിൽ
ചെയ്ത പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,

പതിനൊന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലേക്ക് നിങ്ങളെ ഏവരെയും സ്വാഗതം ചെയ്യുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. മനോഹരമായ ഈ സംസ്ഥാനത്തിന്റെ ഗവർണ്ണറായി അധികാരമേറ്റെടുത്തതിനുശേഷം ആദ്യമായാണ് ഞാൻ നിങ്ങളെ അഭിസംബോധന ചെയ്യുന്നത്.

2. 2004 ഡിസംബർ 26-ാം തീയതി കൊലയാളി സുനാമി നിർദ്ദയമായി ഈ സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിലാകെ ആഞ്ഞടിച്ചപ്പോൾ നേരിട്ട ഭയാനകമായ പ്രകൃതിദുരന്തത്തിലും അതുവഴിയുണ്ടായ പറഞ്ഞറിയിക്കാൻ പറ്റാത്ത തരത്തിലുള്ള കഷ്ടതകളിലും സംസ്ഥാനം അമർന്നിരിക്കുന്ന സമയത്താണ് ഈ സമ്മേളനം കൂടിയിരിക്കുന്നത്. കൊലയാളി തിരകൾ അവശേഷിപ്പിച്ചുപോയ മരണവും ശൂന്യതയും മുൻപ് ഒരിക്കലും ഉണ്ടായിട്ടില്ല. തമിഴ്നാട് തീരങ്ങളിൽ ആദ്യമായി വീശിയടിച്ച കൊലയാളി തിരകൾ സംസ്ഥാനത്ത് എത്തുന്നതിന് 4 മണിക്കൂറോളം സമയം എടുത്തതുകൊണ്ട് മനുഷ്യജീവന് വളരെ കൂടുതൽ നാശം സംഭവിക്കുന്നത് തടയാൻ കഴിഞ്ഞു എങ്കിൽപ്പോലും സംസ്ഥാനത്തിന് 170 വിലപ്പെട്ട ജീവനുകൾ നഷ്ടമാവുന്നതിൽ ഇതു കലാശിച്ചു. കൂടാതെ 1600-ലധികം ആളുകൾക്ക് പരിക്കുപറ്റുകയും ചെയ്തു. ആലപ്പാട്ട്, ആറാട്ടുപുഴ എന്നീ രണ്ട് പഞ്ചായത്തുകൾ പൂർണ്ണമായും ശൂന്യമാക്കപ്പെട്ടു. വീടുകൾ നിലംപരിശായി, കന്നുകാലികൾ ചത്തൊടുങ്ങി. മത്സ്യബന്ധന ബോട്ടുകളും, വലകളും മത്സ്യബന്ധന ഉപകരണങ്ങളും ഒലിച്ചുപോയി,

ലാസ്റ്റിക് സെന്ററുകൾ നിലംപൊത്തി, മത്സ്യബന്ധന തുറമുഖങ്ങൾ മണ്ണിനടിയിലായി, തുറമുഖചിറകൾക്കും ആർമർ സ്റ്റോണുകൾക്കും സാരമായ നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്തു. ശുദ്ധജല വിതരണ സംവിധാനത്തിനും വൈദ്യുതി വിതരണശൃംഖലക്കും റോഡു ഗതാഗതത്തിനും മറ്റു ഭൗതികാടിസ്ഥാന സൗകര്യങ്ങൾക്കും ഉണ്ടായ വലിയ തോതിലുള്ള നാശനഷ്ടം തീരപ്രദേശങ്ങളിലെ ജീവിതമാകെ തകർത്തു.

3. ജനസാന്ദ്രതയേറിയ കേരളത്തിൽ, രാജ്യത്തിന്റെ മറ്റു പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ, സംസ്ഥാനത്തിന്റെ ഉൾനാടുകളിലും മലയോര പ്രദേശങ്ങളിലും ഉള്ളവരേക്കാൾ, വളരെ കുറഞ്ഞ വരുമാനമുള്ളവരാണ്. നിർഭാഗ്യവശാൽ, ഇപ്പോഴുണ്ടായ പ്രകൃതിദുരന്തംമൂലം പരിപൂർണ്ണമായി പിടിച്ചുലയ്ക്കപ്പെട്ടത് സമൂഹത്തിലെ ദരിദ്രരായ ഈ വിഭാഗത്തിന്റെ സമ്പദ് വ്യവസ്ഥയാണ്. കൊലയാളി തിരകളാൽ, അവരുടെ ജീവനോപാധികൾ പൂർണ്ണമായും തുടച്ചുനീക്കപ്പെട്ടതിനാൽ, പുതിയ ധനനിക്ഷേപങ്ങൾ നടത്തി പുതിയതായി മൂലധനം തീരപ്രദേശങ്ങളിൽ കൊണ്ടുവരുന്നതുവരെ അവർക്കു തൊഴിലിലേക്കു തിരിച്ചു വരുവാൻ കഴിയുകയില്ല. അതുകൊണ്ട്, തീരപ്രദേശങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും പൂർണ്ണമായും നിശ്ചലമായി തീർന്നിരിക്കുന്നു.

4. ശോകത്തിന്റെയും നിരാശയുടെയും ഇടയിൽ ഒരു രജതരേഖയുണ്ടെങ്കിൽ അത് എന്റെ സർക്കാരിന്റെ സത്വരവും അഭൂതപൂർവ്വവുമായ പ്രതികരണവും ദുരിതബാധിതർക്ക് തക്കസമയം തുണയുമായി, മുമ്പെങ്ങുമില്ലാത്തവിധം മുന്നോട്ടുവന്ന ജനസാമാന്യത്തിന്റെ എല്ലാ തരത്തിലുമുള്ള അകമഴിഞ്ഞ സഹായവുമാണ്. പ്രതിസന്ധിഘട്ടത്തിൽ സഹായഹസ്തം

നിട്ടുന്നതിനും അവരുടെ ദുഃഖം പങ്കുവെയ്ക്കുന്നതിനും മുഖ്യമന്ത്രിയും ക്യാബിനറ്റിലെ അദ്ദേഹത്തിന്റെ മറ്റു സഹപ്രവർത്തകരും ദുരിതബാധിതരായ കുടുംബങ്ങളോടൊപ്പമുണ്ടായിരുന്നു എന്നറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ദുരിതബാധിത കുടുംബങ്ങൾക്ക് ആശ്വാസമെത്തിക്കുന്നതിൽ യാതൊരു വീഴ്ചയും വരുത്താതെ ഉദ്യോഗസ്ഥവൃന്ദവും അവസരത്തിനൊത്ത് ഉയർന്നിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രതിസന്ധി ഘട്ടത്തിൽ കേന്ദ്ര സർക്കാരും സഹായഹസ്തവുമായി മുന്നോട്ടുവരികയുണ്ടായി. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും ക്യാബിനറ്റിലെ അദ്ദേഹത്തിന്റെ മറ്റു സഹപ്രവർത്തകരും സംസ്ഥാന സന്ദർശനവേളയിൽ ദുരിതബാധിതരായ കുടുംബങ്ങളോടു കാട്ടിയ ദയാപൂർണ്ണമായ നടപടികൾ സംസ്ഥാനത്തിന്റെ ദുഃഖത്തിനു ആശ്വാസം പകരുന്നു. അതിനാൽ അവർക്ക് പ്രത്യേകിച്ചും നന്ദി പ്രകടിപ്പിക്കാൻ എന്റെ സർക്കാർ ആഗ്രഹിക്കുന്നു. ഒഴിഞ്ഞുമാറാത്ത നടപടികളിൽ നിന്നും ധൈര്യമാർജ്ജിച്ചുകൊണ്ട് എല്ലാവരുടെയും കണ്ണീരൊപ്പുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിന് എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിൻപ്രകാരം, പ്രതീക്ഷാനിർഭരമായ ഒരു പുനർനിർമ്മാണ പദ്ധതി തയ്യാറാക്കി എൻ. സി. സി. എഫ്.-ൽ നിന്നും ആവശ്യമായ സഹായത്തിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

5. എന്റെ സർക്കാരിന്, അതിന്റെ മുമ്പിലുള്ള കർത്തവ്യം അതിബൃഹത്താണെന്ന ബോധം ഉണ്ട്. എന്നിരുന്നാലും, കഴിഞ്ഞ കാലങ്ങളിൽ എന്റെ സർക്കാർ കൈവരിച്ച നേട്ടങ്ങളുടെ പട്ടികയിലൂടെ വെളിവാകുന്ന ട്രാക്ക്-റിക്കാർഡിൽ നിന്നും, വരുംവർഷങ്ങളിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെയും പരിപാടികളുടെയും വർണ്ണനയിൽനിന്നും അവയിൽ ചിലതിനെക്കുറിച്ച് എന്റെ അഭിസംബോധനയിൽ പ്രതിപാദിക്കുന്നുണ്ട്. എന്റെ സർക്കാരിന്റെ മുമ്പിലുള്ള ഈ കർത്തവ്യം നിറവേറ്റുവാൻ കഴിയുമെന്നതിന് എനിക്ക് യാതൊരു സംശയവുമില്ല.

6. കൂടുതൽ ദീർഘിപ്പിക്കുന്നതിന് മുമ്പ് തന്നെ, സംസ്ഥാനം ഇപ്പോൾ എത്തിനിൽക്കുന്ന സർവ്വതോന്മുഖമായ വികസനത്തിലേക്ക് നയിച്ചതിന് ശ്രീമാൻ എ. കെ. ആന്റണിയും ക്യാബിനറ്റിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകരും നൽകിയ വിലയേറിയ സംഭാവനകൾക്ക് എന്റെ ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു. ശ്രീമാൻ എ. കെ. ആന്റണിക്ക് ഈ മേലങ്കി നൽകുമ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ശോച്യാവസ്ഥയെപ്പറ്റി ഈ മഹനീയ സഭയ്ക്ക് ഓർമ്മയുണ്ടാകുമെന്ന് എനിക്ക് ഉറപ്പുണ്ട്. അവർ നൽകിയ കഴിവുറ്റ ഭരണനേതൃത്വമാണ് സംസ്ഥാനത്തെ ഒരു കുതിച്ചുചാട്ടത്തിന് പ്രാപ്തമാക്കിയിരിക്കുന്നത്. അവർ നൽകിയ മഹനീയമായ സേവനം മുന്നോട്ടു കൊണ്ടുപോകുന്നതിന് എന്റെ സർക്കാർ ആഗ്രഹിക്കുന്നു. എന്റെ സർക്കാർ ഈ അടുത്ത കാലത്ത് തുടങ്ങിവെച്ച സജീവ സംരംഭങ്ങൾ മേൽപ്പറഞ്ഞവയുടെ ഉദാഹരണങ്ങളാണ്.

7. പുതിയ മന്ത്രിസഭയുടെ ആദ്യയോഗത്തിനുശേഷം, സെപ്റ്റംബർ 8-ന് പ്രഖ്യാപിച്ച, ഉദ്യോഗസ്ഥവൃന്ദത്തെ ഊർജ്ജിതപ്പെടുത്തി സേവനപ്രദാന സംവിധാനങ്ങൾ വേഗതയിലാക്കുക എന്ന് ലക്ഷ്യമിട്ടുകൊണ്ടുള്ള നൂറുദിന കർമ്മ പരിപാടിക്ക് തുടക്കമിട്ടു എന്നതായിരുന്നു മുഖ്യമന്ത്രിയുടെ ഊർജ്ജസ്വലമായ നേതൃത്വത്തിൽ, എന്റെ സർക്കാർ എടുത്ത അത്തരം ഉദ്യമങ്ങളിൽ ഒന്ന്. പ്രസ്തുത പരിപാടി ഒരു വൻ വിജയമായിരുന്നു എന്ന് അറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ കാലയളവിൽ സംസ്ഥാനത്തെ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ നിരവധി യുവാക്കൾക്ക് സന്തോഷമേകിക്കൊണ്ട് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ 20,000-ത്തോളം ഒഴിവുകൾ അഡ്വൈസ് ചെയ്യുന്നതിനായി പി. എസ്. സി. യെ അറിയിച്ചു. സാധാരണ ജനങ്ങൾക്ക് ഉടനടി

ആശ്വാസം പകർന്നുകൊണ്ട് കെട്ടിക്കിടക്കുന്ന ഫയലുകളിൽ ഏതാണ്ട് 77 ശതമാനത്തോളം തീർപ്പാക്കാൻ സാധിച്ചു. ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതിൽ വിവിധ വകുപ്പുകൾ കാണിച്ച ഔത്സുക്യം വളരെ നാളായി പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഫലദായകത സർക്കാരിന് ഏകി. നിശ്ചയദാർഢ്യമുള്ള ഒരു രാഷ്ട്രീയ നേതൃത്വത്തിന് പ്രതിജ്ഞാബദ്ധമായ ഉദ്യോഗസ്ഥവൃന്ദത്തിന്റെ സഹായമുണ്ടെങ്കിൽ എന്തും കൈവരിക്കുവാൻ കഴിയുമെന്നാണ് ഈ പദ്ധതിയുടെ വിജയം വ്യക്തമാക്കുന്നത്.

8. നൂറുദിന കർമ്മ പരിപാടിയുടെ വിജയത്തിൽനിന്നും ആവേശം ഉൾക്കൊണ്ടുകൊണ്ട് എന്റെ സർക്കാർ ഇക്കൊല്ലം "കേരളം അതിവേഗം മുന്നോട്ട്" എന്ന പേരിൽ ഒരു വർഷത്തേക്കുള്ള ഒരു പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. 'കൊലയാളി സുനാമി' തുടച്ചു നീക്കിയിട്ടുള്ള ഗ്രാമങ്ങളുടെ പുനർനിർമ്മാണത്തിനായിരിക്കും ഈ പദ്ധതിയിൽ മുന്തിയ പരിഗണന നൽകുക. ദുരന്തബാധിതർക്ക് പുതിയ വീടുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതുകൂടി പദ്ധതിയുടെ പ്രഥമ പരിഗണനയിൽ ഉണ്ടായിരിക്കും. കൂടാതെ, ദുർബ്ബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും ജനസാമാന്യത്തിന്റെ ഒട്ടാകെയുള്ള ക്ഷേമത്തിനുമായി പ്രത്യേക പദ്ധതികളും ഉണ്ടായിരിക്കും. പദ്ധതികളുടെയും പരിപാടികളുടെയും ദ്രുതഗതിയിലുള്ള നടപ്പാക്കൽ കേരളത്തെ അതിവേഗം മുന്നോട്ട് കൊണ്ടുപോകുമെന്ന്, എന്റെ സർക്കാരിന് ബോദ്ധ്യമുണ്ട്. സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ഗുണദോഷങ്ങൾ പരിശോധിക്കുന്നതിനുമായി പദ്ധതി നടപ്പാക്കൽ വകുപ്പ് എന്ന ഒരു പുതിയ വകുപ്പിന്റെ രൂപീകരണം എന്റെ സർക്കാരിന്റെ മേൽപ്പറഞ്ഞ വിശ്വാസത്തെ ആവർത്തിച്ചുറപ്പിക്കുന്നു.

9. ജനങ്ങളുടെ വ്യാപകമായ അംഗീകാരം പിടിച്ചുപറ്റിയ, എന്റെ സർക്കാരിന്റെ മറ്റൊരു ഉദ്യമം, സർക്കാരിനെ ജനങ്ങളുടെ പടിവാതിൽക്കൽ എത്തിക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികളുമായി ബന്ധപ്പെട്ടുകിടക്കുന്നു. സംസ്ഥാനമൊട്ടാകെ, പൊതുജന സമ്പർക്ക പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് മുഖ്യമന്ത്രിതന്നെ അതിന് മാതൃകയായി. അഭൂതപൂർവ്വമായ ജനക്കൂട്ടത്തെ ആകർഷിച്ച ഈ പരിപാടികൾ, വേഗത്തിൽ പരാതികൾക്ക് പരിഹാരം കണ്ടെത്തിയതിലും എന്റെ സർക്കാരിന്റെ ആത്മാർത്ഥമായ സമീപനം കൊണ്ടും വേറിട്ടു നിൽക്കുന്നു. ഈ പൊതുജന സമ്പർക്ക പരിപാടികളിൽ പങ്കെടുത്ത ഏകദേശം ഒരു ലക്ഷം പേരിൽ പകുതിയോളം പേരുടെ പരാതികൾ പരിഹരിക്കാൻ മുഖ്യമന്ത്രിക്ക് കഴിഞ്ഞു എന്നു പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

10. എന്റെ സർക്കാർ ഈ ഉദ്യമം ഒരു പടികൂടി മുന്നോട്ട് കൊണ്ടുപോകുന്നതിനും അതിനുവേണ്ടി 'സുതാര്യ കേരളം' എന്ന വിപുലമായ ഒരു പരിപാടി തുടങ്ങുന്നതിനും ഉദ്ദേശിക്കുന്നു. പേര് സൂചിപ്പിക്കുന്നതുപോലെ ഈ പരിപാടി പൊതു ആർജ്ജവം വർദ്ധിപ്പിക്കുന്നതിനും ഭരണനിർവ്വഹണത്തിലെ സുതാര്യത മെച്ചപ്പെടുത്തുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. മുകളിൽ പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിനായി, മറ്റുള്ളവയ്ക്കൊപ്പം, ലഭ്യമായ ഐ. റ്റി. ഉപാധികളുടെ നൂതന പ്രയോഗത്തിലൂടെ പൊതുജനങ്ങൾക്ക് ആവശ്യമായ തരത്തിലുള്ള വിവരങ്ങൾ ഫലത്തിൽ, അവരുടെ പടിവാതിൽക്കൽ എത്തിച്ചുകൊടുക്കുക, നടപടിക്രമം ലഘൂകരിക്കുക, കാലതാമസം കുറയ്ക്കുക, ഭരണ നിർവ്വഹണത്തിൽ ഉത്തരവാദിത്വം ഏർപ്പെടുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള പുരോഗമനപരമായ വിവിധ പരിപാടികൾ

ഏറ്റെടുക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ആഴ്ചതോറും ആകാശവാണിയിലൂടെയും ദൂരദർശനിലൂടെയും മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടി സംപ്രേക്ഷണം ചെയ്യുന്നത് ഈ പദ്ധതിയുടെ ഒരു സുപ്രധാന ഭാഗമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൻകീഴിൽ, ഇന്ത്യക്കകത്തും പുറത്തുമുള്ള കേരളീയർക്ക് തങ്ങളുടെ പരാതികളുമായി മുൻകൂട്ടി നിശ്ചയിച്ച സമയത്ത് മുഖ്യമന്ത്രിയെ സമീപിക്കാവുന്നതാണ്. ഇപ്രകാരം ഉയർത്തുന്ന പരാതികൾക്ക് ഉടൻതന്നെ മറുപടി നൽകുന്നതാണ്. ഈ പരിപാടി സർക്കാരിന്റെ പുതിയ പദ്ധതികളിലേക്ക് വെളിച്ചം വീശുന്നതുവഴി ജനങ്ങളുടെ മനസ്സിലെ സംശയം ദൂരീകരിക്കുവാനും ഇടയാക്കും. ഭരണനിർവ്വഹണത്തിൽ ഉത്തരവാദിത്വം ഏർപ്പെടുത്തുക, പൊതുജീവിതത്തിലെ സത്യസന്ധത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ എന്റെ സർക്കാർ അഴിമതിയ്ക്കെതിരെ യുദ്ധം പ്രഖ്യാപിച്ചുകൊണ്ട് അഴിമതിയ്ക്കെതിരെ സഹിഷ്ണുത ലവലേശമില്ലാത്ത അതിന്റെ നയവുമായി ഒരു പടികൂടി മുന്നോട്ടു പോകാൻ ഉദ്ദേശിക്കുന്നു.

11. കർഷകരുടെ സാമ്പത്തിക ഉന്നമനത്തിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യം സഫലീകരിക്കുന്നതിനായി വിവിധയിനം വിളകളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി വിവിധങ്ങളായ നടപടികൾ സ്വീകരിക്കുകയുണ്ടായി. രോഗനിയന്ത്രണ നടപടികൾ, ശാസ്ത്രീയ കൃഷിരീതിയുടെ ആവിഷ്ക്കരണം, കർഷകർക്ക് മുന്തിയ ഇനം വിത്തുകളുടെ സംഭരണവും വിതരണവും, പുതുമയാർന്ന ഹൈടെക് കൃഷിരീതി പ്രോത്സാഹിപ്പിക്കൽ, മണ്ണുപരിശോധനയ്ക്കുള്ള കൂടുതൽ ലാബോറട്ടറികൾ സ്ഥാപിക്കൽ, വർച്ച്വൽ യൂണിവേഴ്സിറ്റികളുടെ രൂപീകരണം

തുടങ്ങിയവ അത്തരം നടപടികളിൽ ചിലതു മാത്രമാണ്. ആണ്ടോടാണ്ടു നിൽക്കുന്ന വിളകൾ പുനരുജ്ജീവിപ്പിക്കുന്നതിനും വീണ്ടും വച്ചുപിടിപ്പിക്കുന്നതിനും കൂടുതൽ ഊന്നൽ നൽകുവാൻ കൂടി ഉദ്ദേശിക്കുന്നു. പ്രാദേശിക കർഷകരെ, ഇടനിലക്കാരുടെയും കച്ചവടക്കാരുടെയും പിടിയിൽനിന്നും മോചിപ്പിക്കുന്നതിനും നേരിട്ടുള്ള വിപണനം നടപ്പിലാക്കുന്നതിനും വേണ്ടി 'മാർക്കറ്റിംഗ് ബിൽ' കൊണ്ടുവരുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഒരു സംസ്ഥാന 'ഹോർട്ടികൾച്ചറൽ മിഷൻ' സ്ഥാപിക്കുവാൻ കൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി സുഗന്ധ വ്യഞ്ജനങ്ങൾക്കും, ഔഷധച്ചെടികൾക്കും, പുഷ്പകൃഷിക്കും വേണ്ടി 'അഗ്രി-എക്സ്പോർട്ട് സോണുകൾ' സ്ഥാപിക്കുന്നതിനുകൂടി ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു 'ഓർഗാനിക് ഫാമിംഗ് പോളിസി' കൊണ്ടുവരുന്നതിനും ഉദ്ദേശിക്കുന്നു. മൃഗസംരക്ഷണ മേഖലയുടെ പ്രോത്സാഹനത്തിനായി, മൃഗങ്ങളിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യ സാധനങ്ങളുടെ അന്താരാഷ്ട്ര നിലവാരം ഉറപ്പാക്കുന്നതിലേക്ക് വ്യാപകമായ രീതിയിലുള്ള രോഗ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കൊച്ചിയിൽ ഒരു ലൈവ്സ്റ്റോക്ക് പ്രോഡക്റ്റ് ഇൻവെസ്റ്റിഗേഷൻ ലബോറട്ടറി സ്ഥാപിക്കുന്നതിനു കൂടി ഉദ്ദേശിക്കുന്നു. മീറ്റ് ഇൻഡസ്ട്രീസ് നവീകരിക്കുന്നതിനുകൂടി നടപടി എടുക്കുന്നതാണ്. ഈ പരിപാടിയിൽ വനിതകളുടെയുംകൂടി സജീവ പങ്കാളിത്തം ഉണ്ടായിരിക്കുന്നതാണ്. ക്ഷീരമേഖലയിൽ, എൻ.ഡി.ഡി.ബി. യുടെ സഹായത്തോടെ, കാലിരോഗങ്ങൾ പടർന്നുപിടിക്കുന്നത് തടയുന്നതിനായി സംസ്ഥാന വ്യാപകമായി ഒരു പദ്ധതി എന്റെ സർക്കാർ നടപ്പിലാക്കി വരികയാണ്. തീറ്റപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുവാൻ, കർഷകരെ തീറ്റപ്പുല്ല് നട്ടുവളർത്തുന്നതിന് പ്രോത്സാഹിപ്പിച്ചു

കൊണ്ടിരിക്കുകയാണ്. 'അസോള' പോലുള്ള പാരമ്പര്യേതര തീറ്റസാധനങ്ങൾ വളർത്തുന്നതിനുകൂടി അവരെ പ്രോത്സാഹിപ്പിച്ചുവരുന്നു. കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ ഒരു പരിപാലന നയം നടപ്പിലാക്കുന്നതാണ്. എന്റെ സർക്കാർ 'സ്ത്രീകൾ കാർഷിക രംഗത്ത്' എന്ന പദ്ധതിയുടെ കീഴിൽ വരുമാനം ലഭിക്കുന്ന സംരംഭങ്ങൾ തുടങ്ങുന്നതാണ്. ഉല്പാദനക്ഷമമായ കാർഷിക പദ്ധതികളിൽ യുവാക്കളെ പങ്കെടുപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി ലക്ഷം യുവാക്കൾക്ക് വേണ്ടി ഉള്ള പദ്ധതി അനുയോജ്യമായി പരിഷ്കരിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കൃഷിക്കാർക്ക് ലാഭകരമായ വില ഉറപ്പാക്കിക്കൊണ്ട് അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അപ്രകാരം നെല്ല്, അടയ്ക്ക, കാപ്പി, കുരുമുളക് എന്നിവയ്ക്കുവേണ്ടിയുള്ള 'മാർക്കറ്റ് ഇന്റർവെൻഷൻ സ്കീം' തുടരുന്നതാണ്.

12. സഹകരണ മേഖലയിൽ, വായ്പയെടുത്ത 5.14 ലക്ഷം പേർക്ക് ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയിൻകീഴിൽ, 143.09 കോടി രൂപയുടെ സഹായം എന്റെ സർക്കാർ എത്തിച്ചിട്ടുണ്ടെന്ന് കാണുന്നത് ആഹ്ളാദകരമാണ്. 3224 സഹകരണ സംഘങ്ങളുടെ 1251.86 കോടി രൂപയോളം വരുന്ന കിട്ടാക്കടങ്ങൾ ഈടാക്കിയെടുക്കുന്നതിനും ഇത് സഹായിച്ചിട്ടുണ്ട്. സുനാമി ബാധിത പ്രദേശത്ത് ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ഒരു ആശ്വാസം നൽകുക എന്ന ലക്ഷ്യത്തോടെ ഈ പദ്ധതി 3 മാസത്തേക്കുകൂടി നീട്ടുന്നതിന് എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

13. കാർഷിക വായ്പ എടുക്കുകയും എടുത്ത വായ്പ അടച്ചുതീരുന്നതിനുമുമ്പ് മരണപ്പെടുകയും ചെയ്ത കർഷകരുടെ ബാദ്ധ്യത, 'റിസ്ക്‌ഫണ്ട് സ്കീമി'ന്റെ കീഴിൽ ഏറ്റെടുക്കുന്നതിനു വേണ്ടിയും വിളവുകളുടെ ഇൻഷ്വറൻസിനുവേണ്ടിയും പദ്ധതികൾ കൊണ്ടുവരുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അവയുടെ 25 ശതമാന ത്തിൽ കുറയാത്ത വായ്പ കാർഷികമേഖലയ്ക്ക് നൽകുന്നത് ഉറപ്പാക്കുന്നതിന് ശ്രമിക്കുന്നതാണ്. നബാർഡിന്റെ സഹായത്തോടെ യുള്ള സ്വയം സഹായ ഗ്രൂപ്പ് പദ്ധതി സംസ്ഥാനത്ത് എല്ലാ ജില്ല കളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. മഴവെള്ള സംഭരണ പദ്ധതികൾക്കുവേണ്ടി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കാൻകൂടി ഉദ്ദേശിക്കുന്നു. വനിതാ സഹകരണ ഫെഡറേഷന്റെ കീഴിൽ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുംകൂടി നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

14. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട്, വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്ന, ശബരിമല തീർത്ഥാടകർ അനുഭവിക്കുന്ന ഏറിയ തോതിലുള്ള ബുദ്ധിമുട്ടുകൾ ഈ മഹനീയ സഭയ്ക്ക് അറിയാവുന്നതാണ്. എന്റെ സർക്കാർ ഈ തീർത്ഥാടകരുടെ വികാരങ്ങളിൽ പങ്കുചേരുന്നതിനൊപ്പം എത്രയും വേഗം ഈ തീർത്ഥാ ടകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി കഴിയുന്നത്ര നടപടികൾ എടുക്കുന്നതിന് പ്രതിജ്ഞാബദ്ധവുമാണ്. ഇതിനുവേണ്ടി പെരിയാർ ടൈഗർ റിസർവ്വ് മേഖലയുടെ ബഫർ സോണിലുൾപ്പെടുന്ന ഭൂമിയുടെ ഒരു ഭാഗം ഉപയോഗിച്ചുകൊണ്ട് വരുന്ന അൻപതുവർഷത്തെ വികസനം മുന്നിൽക്കണ്ടുകൊണ്ടുള്ള ഒരു

ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതുവരെ തടസ്സമായി നിന്നിരുന്ന, ആവശ്യമായ വനഭൂമി ഉപയോഗിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട അനുമതി ഉടൻതന്നെ ലഭിക്കുമെന്ന് എന്റെ സർക്കാർ പ്രത്യാശിക്കുന്നു.

15. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് പദ്ധതികളുടെ ഒരു പരമ്പര തന്നെ ആരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ രൂപീകരണം, കോളേജുകളിലും വ്യവസായ സംരംഭക ക്ലബ്ബുകളുടെ വികസനവും വ്യവസായ-സ്ഥാപന പാരസ്പര്യത്തിനുവേണ്ടി സ്ഥിരം സംവിധാനം രൂപീകരിക്കൽ, തൊഴിലിനുവേണ്ടി കമ്പ്യൂട്ടർ പ്രൊഫിഷ്യൻസി സ്കോറിംഗ് ആന്റ് സർട്ടിഫിക്കേഷൻ ഏർപ്പെടുത്തൽ, കുറഞ്ഞത് 200 കോളേജുകളെ വിദ്യാഭ്യാസ ഗ്രിഡുമായി ബന്ധപ്പെടുത്തൽ. ഈയിടെ വിക്ഷേപിക്കപ്പെട്ട 'എഡ്യൂസാറ്റിന്റെ' പ്രയോജനം പരമാവധി ഉപയോഗപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ, എന്നിവ മറ്റുള്ളവയോടൊപ്പം, ഇതിൽ ഉൾപ്പെടുന്നതാണ്. കോളേജ് വിദ്യാഭ്യാസ രംഗത്ത് എന്റെ സർക്കാർ നടപ്പിൽ വരുത്തുവാനുദ്ദേശിച്ചിട്ടുള്ള പരിപാടികളിൽ അഫിലിയേറ്റ് ചെയ്ത ഓരോ സർവ്വകലാശാലയിലേയും ഒരു സർക്കാർ കോളേജിനെ സെന്റർ ഓഫ് എക്സലൻസ് ആയി വികസിപ്പിക്കുകയും അങ്ങനെ സെന്റർ ഓഫ് എക്സലൻസ് ആയി തെരഞ്ഞെടുത്ത കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണം നൽകുകയും ചെയ്യുക എന്നിവ ഉൾപ്പെടുന്നു. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുന്നതിനും, അർഹതപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്കുകൾക്കും അക്കാദമിക് സ്വയംഭരണം നൽകുന്നതിനും എല്ലാ സർക്കാർ പോളിടെക്നിക്കുകൾക്കും 'എഐസിടിഇ' യുടെ അംഗീകാരം നേടിയെടുക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

16. സംസ്ഥാനത്ത് ധനസംബന്ധമായ പരിഷ്കാരങ്ങളുടെ ഭാഗമായി, നടപ്പ് ധനകാര്യ വർഷം അവസാനിക്കുന്നതിനു മുൻപ് 2005–2006-ലെ സമ്പൂർണ്ണ ബജറ്റ് പാസ്സാക്കിയെടുക്കാൻ വിഭാവനം ചെയ്യുന്ന പുതിയ ബജറ്റ് സൈക്കിൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് എന്റെ സർക്കാർ പൂർണ്ണമായും തയ്യാറെടുത്തിട്ടുണ്ട്. ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നപോലെ എല്ലാ പരിപാടികളും പദ്ധതികളും യഥാസമയം നടപ്പാക്കുന്നതിന് ഇതു സഹായകരമായിരിക്കും. അപ്രകാരമുള്ള ഒരു നീക്കത്തിന്റെ ഭാഗമായി, സംസ്ഥാനത്ത് വികേന്ദ്രീകരണ ആസൂത്രണം ആരംഭിച്ചശേഷം ആദ്യമായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുംകൂടി 2005–2006 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കൽ പ്രവർത്തനങ്ങൾ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പൂർത്തീകരിക്കും. തൽഫലമായി പദ്ധതി നടപ്പിലാക്കുന്നതിന് അവർക്കുംകൂടി ഒരു വർഷം പൂർണ്ണമായി ലഭിക്കുകയും ചെയ്യും.

17. തീരദേശ പ്രദേശത്തിന്റെയും മത്സ്യബന്ധന മേഖലയുടെയും സമഗ്ര വികസനത്തിനു വേണ്ടി ഒരു 'തീരദേശ വികസന ഏജൻസി' രൂപീകരിക്കുമെന്നുള്ള വാഗ്ദാനം എന്റെ സർക്കാർ ഇതിനകംതന്നെ നിറവേറ്റിക്കഴിഞ്ഞു. തുറമുഖങ്ങൾ, ശുദ്ധജല വിതരണം, ശുചീകരണം, വൈദ്യുതി, ഗതാഗതം തുടങ്ങിയ തീരദേശത്തിന്റെ അടിസ്ഥാന സൗകര്യങ്ങളോടെ വികസനം ഉറപ്പുവരുത്തുന്നതിന് അധിക വിഭവങ്ങളും വൈദഗ്ദ്ധ്യവും നൽകുക എന്നതാണ് തീരദേശ വികസന ഏജൻസിയുടെ ലക്ഷ്യം. തീരദേശത്തിന്റെ സർവ്വതോന്മുഖ വികസനത്തിന് സാദ്ധ്യമായ ഏറ്റവും മികച്ച സാങ്കേതിക വൈദഗ്ദ്ധ്യവും പര്യാപ്തമായ വിഭവങ്ങളും വിന്യസിപ്പിക്കുന്നുണ്ടെന്നു ഉറപ്പുവരുത്തുവാൻ ഏജൻസി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളുമായി യോജിച്ചു പ്രവർത്തിക്കുന്നതാണ്.

മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വം കൂടുതൽ കാര്യക്ഷമമാക്കുക, സർക്കാരിൽ നിന്നും അവർക്ക് ലഭിക്കേണ്ട അവകാശങ്ങൾ ഫലപ്രദമായി വിതരണം ചെയ്യുക എന്നിവ ഉറപ്പുവരുത്തുന്നതിനായി ഈ വർഷം അവർക്ക് "സ്മാർട്ട്" "കാർഡ്" വിതരണം ചെയ്യുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കടലിൽ വച്ച് ഉണ്ടാകുന്ന അത്യാഹിതങ്ങളിൽ നിന്നും അവരെ രക്ഷപ്പെടുത്തുന്നതിന് ഇത്തരം "സ്മാർട്ട് കാർഡു"കൾ പ്രയോജനപ്രദമാകുന്നതാണ്. ഭവനരഹിതരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും വീടുകൾ നൽകുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിനാൽ, അത്തരം മത്സ്യത്തൊഴിലാളികൾക്ക് വരുന്നവർഷം വീടുകൾ നൽകുന്നതിനായി ഒരു പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു.

18. ഉപഭോക്താക്കൾക്കിടയിൽ ഗുണമേന്മയെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും റേഷനിംഗ് ഓഫീസുകളുടേയും താലൂക്ക് സപ്ലൈ ഓഫീസുകളുടേയും സേവന പ്രദാന സംവിധാനം മെച്ചപ്പെടുത്തുന്നതിനും സുപ്രധാന നടപടികൾ എടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സർക്കാരിതര സംഘടനകളെയും മറ്റു നികായങ്ങളേയും ഉപഭോക്തൃ സംരക്ഷണം/ക്ഷേമപ്രവർത്തനം എന്നിവ ഏറ്റെടുക്കുന്നതിന് സഹായിക്കുന്നതിലേക്ക് സംസ്ഥാനത്ത് 30 ലക്ഷം രൂപയുടെ 'കോർപ്പസു'ള്ള ഒരു ഉപഭോക്തൃ ക്ഷേമനിധി തുടങ്ങുവാൻ കൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാനം വിവിധ ദുരന്തങ്ങൾ നേരിട്ട സമയത്ത്, വിതരണം നടത്തിയ റേഷൻ സാധനങ്ങളുടെ വിലയിനത്തിൽ റേഷൻ വ്യാപാരികൾക്ക് കുടിശ്ശികയായ തുക കൊടുത്തുതീർക്കുവാൻ നടപടി എടുക്കുന്നതാണ്. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ, മലപ്പുറം, എറണാകുളം, പത്തനംതിട്ട ജില്ലകളിൽ മൂന്ന് പാക്കിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതാണ്.

19. സമയബന്ധിതമായി, സംസ്ഥാനത്തിന്റെ ഹരിതാവരണം 5% കണ്ട് വർദ്ധിപ്പിക്കുന്നതിന് ഒരു തീവ്രപദ്ധതി സമാരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. അപ്രകാരം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന 'ഹാബിറ്റാറ്റ് ഫോറസ്ട്രി പ്രോജക്റ്റി'ൽ, 17 നൂതന പദ്ധതികളുൾപ്പെടുന്നതും അവ വനവൽക്കരണം സംസ്ഥാനത്തിന്റെ ഒരു ജീവിത സമ്പ്രദായമായി മാറ്റുന്നതുമാണ്. എന്റെ സർക്കാർ, പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കുന്ന ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനായി, കാർഷിക വനവൽക്കരണം, ജൈവകൃഷി, മറ്റ് പരിസ്ഥിതി സൗഹൃദജീവിത സമ്പ്രദായങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന 'ഇക്കോ-ഗ്രാമങ്ങൾ' സ്ഥാപിക്കും. ഈ ഗ്രാമങ്ങളുടെ സമഗ്രവികസനത്തിനുവേണ്ടി 'മൈക്രോ പദ്ധതികൾ'ക്ക് രൂപം നൽകുന്നതാണ്. ജനങ്ങളെ അവരവരുടെ വാസഭൂമിയിൽ മരങ്ങൾ നട്ടുവളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അങ്ങനെ നട്ടുവളർത്തുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിലുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതിലേക്ക് സമുചിതമായ നിയമനിർമ്മാണം നടത്തുന്നതാണ്. വനപ്രദേശങ്ങളിൽ കഞ്ചാവ് കൃഷിയുടെ ഭീഷണി ഇല്ലാതാക്കുന്നതിന് നിയമനിർമ്മാണം ഉൾപ്പെടെയുള്ള സംഘടിത ശ്രമങ്ങൾ നടത്തുന്നതാണ്. നമ്മുടെ വനങ്ങളിലെ വിലമതിക്കാനാകാത്ത ചന്ദനത്തടി സമ്പത്ത് സംരക്ഷിക്കുന്നതിനും ചന്ദനത്തടിയുടെ നിയമാനുസൃതമല്ലാത്ത സമ്പത്തെടുക്കലും, കടത്തും, സംസ്കരണവും, വിപണനവും തടയുന്നതിനും വേണ്ടി ആധുനിക ശാസ്ത്രീയ നടപടികൾ എടുക്കുന്നതാണ്. അച്ചടി മേഖലയുടെ ഉന്നമനത്തിന് സഹായകമാകുന്ന ആധുനികമായ എല്ലാ സേവനങ്ങളും നൽകുന്നതിനുവേണ്ടി ഒരു 'അച്ചടിഗ്രാമം' സ്ഥാപിക്കുന്നതിനുംകൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**20.** സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങളിലുള്ള സുതാര്യതയിൽ എന്റെ സർക്കാർ വിശ്വസിക്കുന്നു. അതിനായി മരുന്നുകളും മറ്റ് ബന്ധപ്പെട്ട സാധനങ്ങളും സംഭരിക്കുന്നതിനുള്ള ഒരു നയത്തിന് രൂപം കൊടുത്തിട്ടുമുണ്ട്. ഇതിനുപുറമെ, വിവിധ വിഭാഗത്തിൽപ്പെട്ട ആശുപത്രികൾക്കുവേണ്ടി വ്യത്യസ്ത 'ഡ്രഗ്ഗ് ഫോർമുലറികൾ' പ്രഖ്യാപിച്ചിട്ടുമുണ്ട്. സർക്കാർ ആശുപത്രികളിൽ ഉപകരണങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു നയം എന്റെ സർക്കാർ താമസിയാതെ കൊണ്ടുവരുന്നതാണ്. ഗ്രാമീണമേഖലയിൽ, രണ്ടാം ഘട്ട ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഡോക്ടർമാരുടേതുൾപ്പെടെ 1200 തസ്തികകൾ സൃഷ്ടിക്കുകയും 42 കേന്ദ്രങ്ങളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള വാർഡുകൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഡോ. ഇ. ബലരാമൻ നായർ മേധാവിയായുള്ള വിദഗ്ദ്ധ കമ്മിറ്റി ശുപാർശ ചെയ്ത 'റെഫറൽ സമ്പ്രദായം' വീണ്ടും കൊണ്ടുവരുന്നതിന് എന്റെ സർക്കാർ ആഗ്രഹിക്കുന്നു. ഡെങ്കി, മലേറിയ എന്നിവ പോലുള്ള പകർച്ചവ്യാധികൾ വീണ്ടും കണ്ടുതുടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ ലോക ബാങ്ക് സഹായത്തോടുകൂടി 12.38 കോടി രൂപ ചെലവിൽ ഒരു 'ഇന്റഗ്രേറ്റഡ് ഡിസീസസ്സ് സർവൈലൻസ് പ്രോഗ്രാം' നടപ്പിലാക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പരമ്പരാഗത വൈദ്യശാസ്ത്രരംഗത്ത്, തിരുവനന്തപുരത്തെ ഹോമിയോ മെഡിക്കൽ കോളേജും ആയുർവേദ കോളേജും 'സെന്റേർസ് ഓഫ് എക്സലൻസ്' ആയി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു എന്നു പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ആയുർവേദ സ്ഥാപനങ്ങൾക്ക് അക്രെഡിറ്റേഷൻ നൽകുന്നതിനായി ഒരു നിയമനിർമ്മാണം നടത്തുന്നതിനുംകൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ ഓരോ ജില്ലയിലേയും തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ ആയുർവേദ ഔഷധ തോട്ടം വികസിപ്പിച്ചെടുക്കുക എന്ന ഒരു നൂതന പദ്ധതിക്ക് തുടക്കം കുറിക്കുന്നതാണ്.

21. സംസ്ഥാനത്തെ ക്രമസമാധാനം കാത്തുസൂക്ഷിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്ത് ഒരിടത്തും കാര്യമായ സാമുദായിക സംഘർഷമില്ല. അതുകൊണ്ടുതന്നെ സംസ്ഥാനത്തെ ക്രമസമാധാനനില മൊത്തത്തിൽ തൃപ്തികരമാണെന്നു പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. സംസ്ഥാനത്തെ നീണ്ടുകിടക്കുന്ന തീരപ്രദേശങ്ങളിൽ ഉടനീളം സുരക്ഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ എന്റെ സർക്കാർ 'കേരള മറൈൻ പോലിസി'നെ ഏർപ്പെടുത്തിയിട്ടുണ്ട്. നെടുമങ്ങാട്ടും പെരിന്തൽമണ്ണയിലും മാനന്തവാടിയിലുമായി മൂന്ന് പുതിയ 'ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകൾ' സ്ഥാപിച്ചിട്ടുണ്ട്. തൃശൂരിൽ തുടങ്ങുന്ന 'ഫയർ ആൻഡ് റെസ്ക്യൂ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്' ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുവാൻ സാധ്യതയുണ്ട്.

22. പാർപ്പിട മേഖലയിൽ വരുംവർഷം, സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്കുവേണ്ടി ഒരു പുതിയ പദ്ധതി കൊണ്ടുവരുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, വരും വർഷത്തിൽ വിവിധ പ്രവർത്തനങ്ങളുടെ സൂത്രധാരത്വം വഹിക്കുന്നതാണ്. വാണിജ്യസമുച്ചയങ്ങൾ നിർമ്മിക്കുക, താലൂക്ക് ആശുപത്രികളിൽ പേ വാർഡുകൾ നിർമ്മിക്കുക, പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ കോട്ടേജുകൾ നിർമ്മിക്കുക, വൃദ്ധ സദനങ്ങൾ നിർമ്മിക്കുക എന്നിവയാണ് ഏറ്റെടുത്തു നടത്താനിരിക്കുന്ന പ്രവർത്തനങ്ങളിൽ ചിലത്.

23. എന്റെ സർക്കാർ ഗുണമേന്മയുള്ള അടിസ്ഥാന സൗകര്യങ്ങളും പ്രതിബന്ധവിമുക്തമായ ക്ലിയറൻസുകളും നൽകിക്കൊണ്ട് സംസ്ഥാനത്ത് നിക്ഷേപത്തിനായി ഊർജ്ജസ്വലമായ പിന്തുണ നൽകുവാൻ വേണ്ടി തീവ്രശ്രമങ്ങൾ നടത്തുന്നതാണ്. വൻകിട പദ്ധതി

കളുടെ കൂട്ടത്തിൽ, കൊച്ചിയിലെ എൽ. എൻ. ജി. ടെർമിനൽ പ്രോജക്റ്റ്, ജി.എ.ഐ.എൽ.-ന്റെ പ്രകൃതി വാതക പൈപ്പ് ലൈൻ പ്രോജക്റ്റ്, കൊച്ചി ഫാഷൻ സിറ്റി പ്രോജക്റ്റ്, കൊച്ചിയിലെ പെട്രോകെമിക്കൽസ് കോംപ്ലക്സ് എന്നിവ വരുംവർഷത്തിൽ പ്രത്യക്ഷമായ പുരോഗതി പ്രതീക്ഷിക്കുന്നവയാണ്. ഈ പ്രോജക്റ്റുകൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായങ്ങളും ഏകോപനവും നൽകുന്നത് കെ.എസ്.ഐ.ഡി.സി. ആണ്. കൊച്ചിയിൽ, 'ടെക്നോളജി ഇൻകുബേഷൻ സോണോ'ടുകൂടിയ ഒരു ബയോ-ടെക്നോളജി പാർക്കും, കൂടാതെ തിരുവനന്തപുരത്ത്, ഫിലം ആന്റ് വീഡിയോ പാർക്കിൽ ഒരു 'ആനിമേഷൻ ഇൻഡസ്ട്രി ബിൽഡിംഗും സ്കൂളും' തുടങ്ങുന്നതിന് കിൻഫ്രാ നടപടി തുടങ്ങിക്കഴിഞ്ഞു. സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടുകൂടി കിൻഫ്ര കൊച്ചിയിൽ, ഒരു അന്താരാഷ്ട്ര പ്രദർശന വിപണന കേന്ദ്രം സ്ഥാപിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ പുനഃസംഘടിപ്പിക്കുന്നത് പുനരവലോകനം ചെയ്യുന്നതിനുവേണ്ടി ഒരു മന്ത്രിസഭാ ഉപസമിതി ഏർപ്പെടുത്തിയിട്ടുള്ളത് പരിഗണിച്ചുകൊണ്ട് 'ഇ.ആർ.സി.' യുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ ഫണ്ട് നൽകുന്നതിനും എന്റെ സർക്കാർ തീരുമാനിക്കുകയുണ്ടായി.

**24.** നമ്മുടെ ജനസംഖ്യയിൽ ഒരു വലിയ ശതമാനത്തിന്റെ ഉപജീവനത്തിന് അവലംബമായ പരമ്പരാഗത വ്യവസായങ്ങളുടെ വികസനത്തിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേന്ദ്രത്തിൽ തുല്യ പ്രതിബദ്ധതയോടുകൂടിയ യു.പി.എ. സർക്കാർ അധികാരത്തിലുള്ളതുകൊണ്ട്, പദ്ധതികളുടെ ഏകോപനത്തിലൂടെയും നിലവിലുള്ള പദ്ധതികളുടെ മുൻഗണനാ പുനഃക്രമീകരണത്തിലൂടെയും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെയും ഈ മേഖലയിൽ ഒരു സമൂല

മാറ്റം കൊണ്ടുവരാമെന്ന് എന്റെ സർക്കാരിന് ഉറച്ച വിശ്വാസമുണ്ട്. കയർ, കശുവണ്ടി, ഖാദി, കൈത്തറി, കരകൗശലം അതുപോലുള്ള മറ്റു പരമ്പരാഗത മേഖലകൾ എന്നിവയിലെ എന്റെ സഹോദരങ്ങൾക്ക് സമീപഭാവിയിൽ ശോഭനമായ ദിനങ്ങളുണ്ടാകുമെന്ന് എനിക്ക് ഉറപ്പുണ്ട്.

26. വിവരസാങ്കേതിക രംഗത്തെ പ്രമുഖർ സംസ്ഥാനത്ത് കഴിഞ്ഞ വർഷം പ്രവർത്തനം ആരംഭിച്ചതോടുകൂടി, വിവരസാങ്കേതിക മേഖലയിൽ കേരളത്തെ ഒരു മുൻനിര വ്യവസായ ലക്ഷ്യസ്ഥാനമാക്കി തീർക്കുവാനുള്ള എന്റെ സർക്കാരിന്റെ കൂട്ടായ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹജനകമായ ഫലം കണ്ടുതുടങ്ങിയിരിക്കുന്നു. സോഫ്റ്റ് വെയർ രംഗത്തെ പ്രധാനപ്പെട്ട കേന്ദ്രം എന്ന നിലയിൽ തിരുവനന്തപുരത്തിന് ഇതിനകം തന്നെ അംഗീകാരം ലഭിച്ചുകഴിഞ്ഞു. ഐ.ടി. ഇ.എസ്., ബി.പി.ഒ. വ്യവസായങ്ങൾക്ക് അനുയോജ്യസ്ഥലം എന്ന നിലയിൽ കൊച്ചി അതിവേഗം ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്തെ വിവരസാങ്കേതിക കോറിഡോറിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും, കൊച്ചിയിലെ ഇൻഫോ-പാർക്കിന്റെ ആദ്യഘട്ടം പൂർത്തീകരിക്കുകയും ചെയ്യുമ്പോൾ, വരും വർഷത്തിൽ നിക്ഷേപത്തിന്റെ ഒഴുക്ക് വളരെയധികം വർദ്ധിക്കുമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു. തിരുവനന്തപുരത്തും കൊച്ചിയിലും പുരോഗമിച്ചുകൊണ്ടിരിക്കുന്ന സ്ഥലമെടുപ്പ് പൂർത്തിയാകുന്നതോടെ, വിവരസാങ്കേതിക വ്യവസായ രംഗത്തിന്റെ ശേഷി ഇരട്ടിയായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുമൂലം, 2001-ലെ വിവരസാങ്കേതിക നയം വഴി ഭരമേൽപിക്കപ്പെട്ട ലക്ഷ്യങ്ങൾ കാര്യക്ഷമമായി നിറവേറ്റാൻ കഴിയുന്നതാണ്. വിവരസാങ്കേതിക വ്യവസായത്തിന് ഒരു ആഗോള വ്യവസായ പരിസരം സൃഷ്ടിക്കുന്നതിനുള്ള പരിശ്രമത്തിന്റെ

ഭാഗമായി, അന്തർദേശീയ പങ്കാളിത്തത്തോടെ കൊച്ചിയിൽ ഒരു സംയോജിത വിവര സാങ്കേതിക ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം എന്റെ സർക്കാർ സജീവമായി പരിഗണിച്ചുവരുന്നു. കേരളത്തിൽ ഇത് ഇത്തരത്തിലുള്ള ആദ്യ സംരംഭവും ഉന്നതനിലവാരത്തിലുള്ള ടെക്നോളജി കമ്പനികളെയും വ്യവസായങ്ങളെയും കേരളത്തിലേക്ക് ആകർഷിക്കാൻ ഉതകുന്ന സുപ്രധാന നടപടിയും ആണ്. ഇത്തരം വെല്ലുന്ന ഉദ്യമങ്ങളുടെ ഫലമായി, വിവര സാങ്കേതിക രംഗത്ത് തൊഴിലും, കയറ്റുമതിയും ഇരട്ടിയായി വർദ്ധിപ്പിക്കാമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു. മലപ്പുറത്ത് അക്ഷയ പ്രോജക്റ്റിന്റെ വിജയകരമായ നടപ്പാക്കൽ അടിസ്ഥാനപ്പെടുത്തി ഏഴു ജില്ലകളിലേക്കുകൂടി ആ പദ്ധതി ഇതിനകം എന്റെ സർക്കാർ വ്യാപിപ്പിച്ചു തുടങ്ങിക്കഴിഞ്ഞു. 2500-ൽ അധികം ഇന്റർനെറ്റ് കിയോസ്കുകളുടെ ഒരു ശൃംഖല സ്ഥാപിച്ചുകൊണ്ട് 7000 പേർക്ക് പ്രത്യക്ഷത്തിലും അത്രത്തോളം തന്നെ പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിന് ഉദ്ദേശിക്കുന്നു. താഴെത്തട്ടിലുള്ള പൗരന്മാർക്കും കോമൺ ഈ-ഗവേണൻസ് സേവനം ലഭ്യമാക്കുകയാണ് ഈ-ഗവേണൻസ് മേഖലയിൽ എന്റെ സർക്കാരിന്റെ ഉദ്യമം. ഇതിലേക്കായി, പൗരന്മാർക്ക് എല്ലാ മേഖലകളിലുമുള്ള സേവനം പ്രാപ്യമാക്കുന്നതിനും സർക്കാർ വകുപ്പുകളുമായി ഓൺ ലൈനിലൂടെയുള്ള സംവേദനം സാധ്യമാക്കുന്നതിനുമായി ഒരു 'ഇന്റഗ്രേറ്റഡ് ഗവൺമെന്റ് സർവീസസ് ഗേറ്റ്‌വേ' രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. പൗരന്മാരുടെ പരാതികൾക്ക് വേഗത്തിലും ഫലപ്രദമായും പരിഹാരം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയാണ് ഗേറ്റ് വേയുടെ മുഖ്യലക്ഷ്യം.

26. എന്റെ സർക്കാർ, തൊഴിലാളി വർഗ്ഗത്തിന്റെ അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും യാതൊരു കോട്ടവും വരുത്താതെ, സംസ്ഥാനത്തിനകത്ത് ഒരു നിക്ഷേപക സൗഹൃദ തൊഴിൽ

അന്തരീക്ഷം നിലനിർത്തുന്നതിന് പ്രതിജ്ഞാബദ്ധമാണ്. എല്ലാ മേഖലകളിലും ഉള്ള തൊഴിലിന് 'ഫ്ളോർ ലെവൽ മിനിമം വേജസ്'' നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നു. തോട്ടം തൊഴിലാളികൾക്കും, സ്വർണ്ണം-ആഭരണ തൊഴിലാളികൾക്കും, മരം കയറ്റക്കാർക്കും, കച്ചവട-വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും വേണ്ടി പുതിയ ക്ഷേമ പദ്ധതികൾ കൊണ്ടുവരുന്നതിനുകൂടി ഉദ്ദേശിക്കുന്നു. തദ്ദേശ സ്ഥാപനങ്ങളുടെയും തോട്ടം മാനേജുമെന്റുകളുടെയും സഹകരണത്തോടെ, തൊഴിലാളികളുടെ വാസയോഗ്യമല്ലാത്ത ലായങ്ങൾക്കു പകരമായി, തോട്ടം തൊഴിലാളികൾക്കായി 'ഹാബിറ്റാറ്റ് ഭവന പദ്ധതി' കൊണ്ടുവരുന്നതിനുകൂടി ഉദ്ദേശിക്കുന്നു. വ്യവസായ മേഖലയിലെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾക്കനുസൃതമായി പരിശീലന കോഴ്സുകൾ നടത്തേണ്ടതിന്റെ ആവശ്യകത എന്റെ സർക്കാരിന് ബോദ്ധ്യമുള്ളതാണ്. അതിനുവേണ്ടി, നിലവിലുള്ള പരിശീലന കോഴ്സുകൾക്ക് വേണ്ട മാറ്റങ്ങൾ വരുത്തി സമൂലം പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ, 5 ഐ. റ്റി. ഐ. കൾ 'സെന്റർ ഓഫ് എക്സലൻസ്'' ആയി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. 'കേരള സംസ്ഥാന ഇൻഫർമേഷൻ ടെക്നോളജി മിഷ'ന്റെ സഹായത്തോടെ എല്ലാ ഐ. റ്റി. ഐ. ട്രെയിനികൾക്കും ഇംഗ്ലീഷ് സംസാരിക്കുന്നതിൽ പ്രാവീണ്യം നൽകുന്നതിനും ഉദ്ദേശിക്കുന്നു. തൊഴിൽ നൽകാൻ കഴിവുള്ള തൊഴിലുടമകൾക്കായി, സംസ്ഥാനത്ത് 'പ്രൊഫഷണൽ മാൻ പവ്വറി'ന്റെ ഡാറ്റ ബാങ്കോടുകൂടിയ ഒരു വെബ്സൈറ്റ് തുടങ്ങാൻ കൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ നിലവിലുള്ള ഇ. എസ്. ഐ. ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കൂടുതൽ ഇ. എസ്. ഐ.

ഡിസ്പെൻസറികൾ തുടങ്ങുന്നതിനുംകൂടി ഉദ്ദേശിക്കുന്നു. നിർമ്മാണ ജോലികളിലെ വിഭിന്ന തൊഴിലുകളിൽ നൂതനമായ പരിശീലനം നല്കുന്നതിനായി, കേരള കെട്ടിട-മറ്റ് നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബോർഡിനു കീഴിൽ, ഒരു കെട്ടിട നിർമ്മാണ സാങ്കേതിക സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. പ്രായാധിക്യമുള്ള നിർമ്മാണ തൊഴിലാളികൾക്ക് വേണ്ടി വൃദ്ധസദനങ്ങൾ നിർമ്മിക്കുന്നതിനുംകൂടി ഉദ്ദേശിക്കുന്നു.

27. വിവരസാങ്കേതിക വിദ്യയുടെ ആധുനിക ഉപാധികൾ ഉപയോഗിച്ചുകൊണ്ട് സർക്കാരിന്റെ നിയമസംവിധാനത്തിന്റെ കാര്യക്ഷമതയും ഫലപ്രാപ്തിയും വലിയ ഒരളവോളം വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്ന് എന്റെ സർക്കാർ ഉറച്ചു വിശ്വസിക്കുന്നു. നിയമ വകുപ്പ് ഏറ്റെടുത്ത, ലാ ഓഫീസർമാർക്ക് വേണ്ടിയുള്ള കോർട്ട് കേസ് മോണിറ്ററിംഗ് പ്രോജക്ട് , നിയമ വകുപ്പ് നവീകരണത്തിനുവേണ്ടിയുള്ള പദ്ധതി, 'ലാ പോർട്ടൽ പദ്ധതി' 'നിയമ ലൈബ്രറി ആട്ടോമേഷൻ പദ്ധതി' തുടങ്ങിയ വിവിധ ഐ. റ്റി. പദ്ധതികളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന ഉപയോഗപ്രദമായ പ്രയോജനങ്ങൾ എന്റെ സർക്കാരിന്റെ ഈ വിശ്വാസം കൂടുതൽ ബലപ്പെടുത്തുന്നു. എന്റെ സർക്കാർ വരും വർഷത്തിൽ ഈ ഉദ്യമം മുന്നോട്ടുകൊണ്ടു പോകുന്നതിനും ഈ പദ്ധതികൾ എല്ലാ അർത്ഥത്തിലും പൂർണ്ണതയിലെത്തിക്കുന്നതിനും ഉദ്ദേശിക്കുന്നു. വരും വർഷത്തിൽ ബൗദ്ധികസ്വത്താവകാശനയം രൂപീകരിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

28. കോടതികളിൽ ധാരാളം കേസുകൾ തീർപ്പു കൽപ്പിക്കാതെ കെട്ടിക്കിടക്കുന്നതും വ്യവഹാരികൾക്ക് നീതി ലഭിക്കുന്നതിൽ കാലതാമസം വരുന്നതും നമ്മുടെ നീതിന്യായ വ്യവസ്ഥയുടെ ശാപമാണ്. ഇത്തരം സാഹചര്യത്തിൽ ലോക് അദാലത്തുകൾ താരതമ്യേന ചെലവ്

കുറഞ്ഞതും സാർവ്വത്രികവുമായ ഒരു തർക്ക പരിഹാര പകരസംവിധാനമായി മാറിയിരിക്കുന്നു. ലോക് അദാലത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 'കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി' കമ്പ്യൂട്ടർവത്കരിക്കാനുള്ള ഒരു നിർദ്ദേശം എന്റെ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

29. ഇപ്പോൾ 30 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന സംസ്ഥാനത്തിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായ കുടുംബശ്രീ സ്ത്രീശാക്തീകരണത്തിലൂടെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യം മുന്നിൽ വച്ചുകൊണ്ട് അതിന്റെ കീഴിലുള്ള പുതിയ ഉദ്യമങ്ങളുമായി മുന്നോട്ടുള്ള യാത്ര തുടരുന്നു എന്നുള്ളത് എന്റെ സർക്കാരിന് വളരെ സന്തുഷ്ടിദായകമായ ഒരു വസ്തുതയാണ്. സംസ്ഥാനത്തെ എല്ലാ ബിപിഎൽ. കുടുംബങ്ങളെയും എൻ. എച്ച്. ജി. കളിൽ ഉൾപ്പെടുത്തുക, സംസ്ഥാനത്തുടനീളം ബാലസഭകൾ രൂപീകരിക്കുക, കൃഷി, പുഷ്പകൃഷി, കാർഷികോൽപ്പന്ന സംസ്കരണം, ഭക്ഷ്യ സംസ്കരണം എന്നീ മേഖലകളിൽ കൂടുതൽ മൈക്രോ സംരംഭക യൂണിറ്റുകൾ തുടങ്ങുക, പാട്ടക്കൃഷി പ്രോത്സാഹിപ്പിക്കുക, 350 പഞ്ചായത്തുകളിൽക്കൂടി അഗതി പുനരധിവാസ പദ്ധതി (ആശ്രയ) നടപ്പാക്കുക, വാൽമീകി അംബേദ്കർ ആവാസ് യോജനയിൻ കീഴിൽ നഗരത്തിലെ ചേരിനിവാസികൾക്കായി 10,000 പുതിയ വീടുകൾ പണികഴിപ്പിക്കുക, അഭ്യസ്തവിദ്യരായ തൊഴിൽരഹിത യുവാക്കൾക്കായി 50,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവ കുടുംബശ്രീയുടെ വരുന്ന വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുന്നു.

30. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് പ്രത്യേക ശ്രമം എന്റെ സർക്കാർ നടത്തിവരുന്നു. ഇത് ആദ്യമായി

ഈ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റായും ജനറൽ പർപ്പസ് ഗ്രാന്റായും 531.11 കോടി രൂപ നൽകുകയുണ്ടായി. ശരിയായ അർത്ഥത്തിൽ വികേന്ദ്രീകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി കാര്യക്ഷമമായും ദീർഘവീക്ഷണത്തോടുകൂടിയും അതിന്റെ പ്രവർത്തനം തുടരാൻ ഉദ്ദേശിക്കുന്നു. വർക്കല പ്രദേശത്തിന്റെ വിനോദ സഞ്ചാരസാധ്യതകൾ കണക്കിലെടുത്ത്, എന്റെ സർക്കാർ 'വർക്കല വികസന അതോറിറ്റി'ക്ക് രൂപം നൽകിയിട്ടുണ്ട്. കൃത്യവും കാര്യക്ഷമവുമായ പൊതുസേവനം, കുറ്റമറ്റതും സുതാര്യവുമായ രീതിയിൽ പൊതുജനങ്ങൾക്ക് താങ്ങാവുന്ന ചെലവിൽ, പ്രദാനം ചെയ്യുക എന്ന ലക്ഷ്യം ഉറപ്പാക്കുന്നതിനുവേണ്ടി, നഗരപ്രദേശങ്ങളിലെ 58 തദ്ദേശ സ്ഥാപനങ്ങളിൽ ജനസേവനകേന്ദ്രം സ്ഥാപിക്കുക എന്ന ഒരു പദ്ധതി എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ജനനവും-മരണവും രജിസ്റ്റർ ചെയ്യുന്നതിനായി ഓൺലൈൻ സൗകര്യം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലെ തെരഞ്ഞെടുത്ത പ്രധാനപ്പെട്ട ആശുപത്രികളിൽ 'ഹോസ്പിറ്റൽ കിയോസ്കുകൾ' സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

31. ഭരണ നവീകരണത്തിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടുവരുന്ന, 'ഭരണ നവീകരണ പരിപാടി'യിൻകീഴിൽ നടപ്പിലാക്കുന്ന വിവിധ സംരംഭങ്ങളിൽ, പ്രധാനപ്പെട്ടവ, 'അക്ഷയ സ്റ്റേറ്റ് വൈഡ് റോൾ ഔട്ട്' സെക്രട്ടേറിയറ്റിനു വേണ്ടിയുള്ള 'നോളജ് ആർക്കൈവ്', 'ഇന്റഗ്രേറ്റഡ് പേഴ്സണൽ ആന്റ് പേറോൾ മാനേജ്മെന്റ് സിസ്റ്റം', കമ്മ്യൂണിറ്റി ഇന്റർ ആക്ഷനു വേണ്ടിയുള്ള പോലീസ് പോർട്ടൽ, സെക്രട്ടേറിയറ്റിലെ രേഖകളുടെ

ഡിജിറ്റൈസേഷൻ എന്നിവയാണ്. ഭരണ നവീകരണ പരിപാടിയുടെ ഒരു ഘടകമായ സേവന പ്രദാന പദ്ധതി അതിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളെ മാതൃക സേവന പ്രദാന സ്ഥാപനങ്ങളാക്കി രൂപാന്തരപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാണ്. അതിൽ ഇപ്പോൾ വിവിധ സർക്കാർ വകുപ്പുകളിൽ കീഴിലും തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിലുമുള്ള 2605 സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്നു. 3000 കോടി രൂപയുടെ വായ്പ നാലു വർഷക്കാലം കൊണ്ട് വിനിയോഗിച്ച് എട്ട് വകുപ്പുകളിലെ 30,000-ത്തോളം മുൻനിര സ്ഥാപനങ്ങളെ കൂടി ഈ പദ്ധതിയുടെ കുടക്കീഴിൽ കൊണ്ടുവരുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

32. സംസ്ഥാനത്തിന്റെ വികസനത്തിനും ക്ഷേമത്തിനും വേണ്ടി പ്രവാസി കേരളീയർ വഹിച്ച മുഖ്യ പങ്ക് ഈ മഹനീയ സഭയ്ക്ക് ബോദ്ധ്യമുള്ളതാണ്. അവരുടെ വിലപ്പെട്ട സംഭാവനകൾ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ടുതന്നെ അവരുടെ കൈവശമുള്ള വൈദഗ്ദ്ധ്യവും വിഭവങ്ങളും വിനിയോഗിച്ച് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ അവരെ തുല്യ പങ്കാളികളാക്കുന്നതിനും തുടർന്നും പങ്കെടുപ്പിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. മേൽപറഞ്ഞ ഉദ്ദേശം ലക്ഷ്യം വെച്ചുകൊണ്ട്, വരും വർഷം ഒരു കർമ്മ പദ്ധതിയുമായി മുന്നോട്ട് വരുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഗൾഫ് നാടുകളിലേക്കുള്ള തൊഴിലന്വേഷകരുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുവാനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്ക് ഏല്പിച്ചുകൊടുത്തതുകൊണ്ടും തിരുവനന്തപുരത്തും കോഴിക്കോടും രണ്ടു സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ നോർക്ക വകുപ്പ് തുറന്നതുകൊണ്ടും കൂടി തൊഴിലന്വേഷകർക്ക് നേരിട്ടുകൊണ്ടിരുന്ന പ്രയാസങ്ങൾ വലിയൊരളവുവരെ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നോർക്കയുടെ പ്രയത്നം മൂലമാണ് ഇത് സാദ്ധ്യമായത് എന്നു കാണുന്നതിൽ

എനിക്ക് സന്തോഷമുണ്ട്. നോർക്കയുടെ മറ്റൊരു സാക്ഷ്യപ്പെടുത്തൽ കേന്ദ്രം ഈ വർഷം കൊച്ചിയിൽ തുറക്കുവാൻ ഉദ്ദേശിക്കുന്നു. ഗൾഫിൽ നിന്നും തിരിച്ചുവന്നവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ എന്റെ സർക്കാരിന് ബോദ്ധ്യമുള്ളതാണ്. അതിനാൽ അവരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനു വേണ്ടി പ്രത്യേക പദ്ധതികളുമായി മുന്നോട്ടുവരുന്നതിന് ഉദ്ദേശിക്കുന്നു. പ്രശാന്തമായ അന്തരീക്ഷത്തിൽ ജീവിത സായാഹ്നം കഴിച്ചുകൂട്ടുവാൻ പ്രവാസി കേരളീയരുടെ മാതാപിതാക്കൾക്കായി കേരളത്തിന്റെ സ്വന്തമായ സാംസ്കാരികമായ പൈതൃകം വാസ്തുശില്പ ശൈലിയും പേറുന്ന ഒരു ഗ്രാമം അവർക്കായി സ്ഥാപിക്കുവാൻ നോർക്ക ഉദ്ദേശിക്കുന്നു.

33. സംസ്ഥാന നിയമ നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ പാർലമെന്ററി കാര്യവകുപ്പ് കൂടുതൽ കാര്യക്ഷമമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. കൂടാതെ പാർലമെന്ററി ജനാധിപത്യ ഭരണ സംവിധാനത്തിന്റെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന വിദ്യാർത്ഥികൾക്കിടയിൽ പാർലമെന്ററി ജനാധിപത്യ മൂല്യബോധം വളർത്തിയെടുക്കുന്നതിനു വേണ്ടി ഈ വകുപ്പ് മോഡൽ പാർലമെന്റുകൾ സംഘടിപ്പിച്ചുവരുന്നു. ഈ മേഖലയിൽ പഠനം, ഗവേഷണം, പരിശീലനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഒരു പാർലമെന്ററി കാര്യസ്ഥാപനവും ആരംഭിച്ചിട്ടുണ്ട്. അതിനെ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്സലൻസ് ആക്കി മാറ്റുന്നതിന് എന്റെ സർക്കാർ പ്രയത്നിക്കുന്നതാണ്. ദേശീയ-ആഗോള തലത്തിൽ സംവാദം വർദ്ധിപ്പിക്കുന്നതിനും അനുഭവങ്ങൾ കൈമാറുന്നതിനും പങ്കു വയ്ക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ഒരു ഗ്ലോബൽ പാർലമെന്ററി മീറ്റ് സംഘടിപ്പിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

34. സർക്കാരിന്റെ വീക്ഷണങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ സംവിധാനം നിർണ്ണായകമായ പങ്ക് വഹിക്കുന്നു എന്നത് ഈ പദ്ധതിയുടെ കുടക്കീഴിൽ ഈ മഹനീയ സഭയ്ക്ക് ബോദ്ധ്യമുണ്ട്. സർക്കാർ ജീവനക്കാരോടുള്ള കടപ്പാടുകളിൽനിന്നും ഒഴിഞ്ഞുമാറുകയില്ലെന്ന് എന്റെ സർക്കാർ അവർക്ക് വീണ്ടും ഉറപ്പ് നൽകാൻ ആഗ്രഹിക്കുന്നു. അതിനാൽ, താമസിയാതെ ഒരു ശമ്പള പരിഷ്കരണ കമ്മീഷൻ രൂപീകരിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതിന് തയ്യാറാണ്.

35. പദ്ധതി അവലോകന സമ്പ്രദായം സമൂലം ഉടച്ചു വാർക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. അത് വികസന പ്രവർത്തനങ്ങൾ ശരിയായി നടപ്പിലാക്കുന്നത് ഉറപ്പുവരുത്തുന്നതിനും വളരെ നിർണ്ണായകമായിട്ടുള്ളതുമാണ്. അതിനുവേണ്ടി ചിട്ടയോടുകൂടിയ ശാസ്ത്രീയമായ ഒരു വിവിധതല അവലോകന സമ്പ്രദായവും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനായി ഇപ്രകാരമുള്ള ഒരു സമ്പ്രദായംകൂടി ഏർപ്പെടുത്തുന്നതാണ്. സാമ്പ്രദായിക അവലോകന രീതിക്കുപുറമെ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളുടെ നടത്തിപ്പിനും ദാരിദ്ര്യം ഇല്ലാതാക്കുന്നതിനും പ്രത്യേക ഊന്നൽ

നൽകിക്കൊണ്ട് ഒരു പങ്കാളിത്ത അവലോകന രീതികൂടി എന്റെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അത് അടുത്ത സാമ്പത്തിക വർഷം മുതൽ പ്രവർത്തനപഥത്തിൽ കൊണ്ടുവരുന്നതാണ്.

36. തുറമുഖരംഗത്ത്, വിഴിഞ്ഞത്ത് ഒരു ആഴക്കടൽ അന്തർദേശീയ കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. സ്വകാര്യ നിക്ഷേപകരെ പങ്കാളികളാക്കിക്കൊണ്ടുള്ള തുറമുഖ വികസനം, അടിസ്ഥാന സൗകര്യങ്ങൾ പുറമേ നിന്ന് ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടു കൂടി 'വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്' എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് കമ്പനി എന്റെ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ വർഷം തന്നെ ഈ അഭിമാനാർഹമായ പദ്ധതിയുടെ സമ്മതിപത്രം ഒപ്പുവയ്ക്കാൻ കഴിയുമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു. ആലപ്പുഴയിൽ അന്തർദേശീയ നിലവാരമുള്ള ഒരു ഉല്ലാസ തുറമുഖം (മറീന) തുടങ്ങുന്നതിനുള്ള ധാരണാപത്രം ഒരു സ്വകാര്യ നിക്ഷേപകനുമായി എന്റെ സർക്കാർ ഒപ്പുവച്ചിട്ടുണ്ട്; അതിന്റെ വിശദമായ നിർദ്ദേശങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. കോഴിക്കോട്ടുള്ള ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിന് ഒരു സ്വകാര്യ നിക്ഷേപകൻ സമർപ്പിച്ച നിർദ്ദേശം എന്റെ സർക്കാർ പരിശോധിച്ചുവരികയാണ്. വരുംവർഷം, ഈ പദ്ധതിയുടെ സമ്മതിപത്രം ഒപ്പുവയ്ക്കാനും നിർമ്മാണം തുടങ്ങാനും കഴിയുമെന്നും പ്രതീക്ഷിക്കുന്നു. കണ്ണൂരിലുള്ള അഴീക്കൽ തുറമുഖം സ്വകാര്യമേഖലയിൽ വികസിപ്പിക്കുന്നതിന് വേണ്ടി പുതിയ നിർദ്ദേശങ്ങൾ ക്ഷണിക്കുന്നതിന് എന്റെ സർക്കാർ ആലോചിക്കുന്നു.

37. വളർച്ചയ്ക്കും വികസനത്തിനും ഊർജം ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളിൽ ഒന്നാണെന്നു കണ്ടുകൊണ്ട് സംസ്ഥാനത്തെ ഊർജമേഖലയുടെ വികസനത്തിന് എന്റെ സർക്കാർ വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്. വരൾച്ചമൂലം കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ഏർപ്പെടുത്തിയിരുന്ന അരമണിക്കൂർ ലോഡ്

ഷെഡ്ഡിംഗ് നടപ്പുവർഷം ഒഴിവാക്കിയിട്ടുണ്ട്. പത്താം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടുകൂടി സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നതാണ്. മലയോര ജില്ലകളിലെ നാല് താലൂക്കുകളിലുള്ള മലയോര പഞ്ചായത്തുകൾ പൂർണ്ണമായും വൈദ്യുതീകരിക്കുന്നതിന് ഒരു പൈലറ്റ് പ്രോജക്റ്റ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. നിർമ്മാണം നടന്നുവരുന്ന ജലവൈദ്യുത പദ്ധതികളുടെ പൂർത്തീകരണത്തിന് എന്റെ സർക്കാർ അതിയായ പ്രാധാന്യം നൽകിവരുന്നു. രണ്ടു ദശകങ്ങളായി തടസ്സപ്പെട്ടിരുന്ന കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതി, 223 ദശലക്ഷം യൂണിറ്റുകൂടി മൊത്തം ഉല്പാദനശേഷിയോട് കൂട്ടിച്ചേർത്തുകൊണ്ട് വരുംവർഷം പ്രവർത്തനം ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മലങ്കര ജലവൈദ്യുത പദ്ധതി, മീൻമുട്ടി ജലവൈദ്യുത പദ്ധതി, കുറ്റ്യാർ ഡൈവേർഷൻ സ്കീം എന്നീ പദ്ധതികളും 2005-2006 കാലയളവിൽ പൂർത്തീകരിക്കാനുള്ള ത്വരിത നടപടികൾ സ്വീകരിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

മൊത്തം 41.3 മെഗാവാട്ട് വരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതികളുടെയും ആറ് ചെറുകിട ജലവൈദ്യുത പദ്ധതികളുടെയും നിർമ്മാണപ്രവർത്തനങ്ങൾ ഈ കാലയളവിൽ ആരംഭിക്കുന്നതാണ്. കായംകുളം എൻ. ടി. പി. സി.-യുടെ ശേഷി 1950 മെ. വ. കണ്ട് ഉയർത്തിക്കൊണ്ടുള്ള അതിന്റെ എൽ. എൻ. ജി. അധിഷ്ഠിത വികസന പദ്ധതി സംസ്ഥാനത്തെ ഊർജ്ജമേഖലയുടെ വികസനത്തിലെ ഒരു നാഴികക്കല്ലായിരിക്കും. ഇതിനുപുറമെ വൈദ്യുതീകരിക്കാത്ത ഗ്രാമങ്ങളുടെ ത്വരിതഗതിയിലുള്ള വൈദ്യുതീകരണത്തിനും മലയോര/തീരദേശ വൈദ്യുതീകരണത്തിനും പട്ടികജാതി/പട്ടികവർഗ്ഗ

കോളനികളുടെ വൈദ്യുതീകരണത്തിനും എൽ. ടി./എച്ച്. ടി. അനുപാതം മെച്ചപ്പെടുത്തുന്നതിനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലെ ഉപപ്രസരണ വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള മൊത്തം 1173 കോടി രൂപ ചെലവു വരുന്ന പുതിയ എ. പി. ഡി. ആർ. പി. പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

38. ഊർജ്ജസംരക്ഷണ വർഷമായി കൂടി ആഘോഷിക്കുന്ന 2005ൽ വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനും ഊർജ്ജസംരക്ഷണത്തിനും 35,000 ത്തിലധികം ജനസാന്ദ്രതയുള്ള പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും, എ. പി. ഡി. ആർ. പി. ക്ക് തുല്യമായ പദ്ധതികൾ ഏറ്റെടുക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. 2001-ലെ ഊർജ്ജസംരക്ഷണ ആക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം ഒരു ഊർജ്ജസംരക്ഷണ ഫണ്ട് ഉണ്ടാക്കുന്നതിനു കൂടി ഉദ്ദേശിക്കുന്നു.

39. സംസ്ഥാനത്തെ റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്റെ സർക്കാർ മുന്തിയ പ്രാധാന്യം നൽകുന്നു. ലോകബാങ്കിന്റെ സഹായത്തോടെ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കേരള സംസ്ഥാന ട്രാൻസ്പോർട്ട് പ്രോജക്റ്റ്, സംസ്ഥാനത്തെ റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിൽ പരമപ്രധാനമായ ഒരു പങ്ക് വഹിച്ചുവരികയാണ്. സംസ്ഥാനത്തെ ദേശീയപാതകൾ നാലുവരി പാതയാക്കുന്നതിനും വിവിധ ബൈപാസുകളുടെ നിർമ്മാണത്തിനും വേണ്ടി റോഡ് കേന്ദ്ര ഗതാഗതവും ഹൈവേയും വകുപ്പ് മന്ത്രിയുടെ 3053 കോടി രൂപയുടെ നിക്ഷേപങ്ങൾ സംബന്ധിച്ച സമീപകാല പ്രഖ്യാപനത്തോടുകൂടി സംസ്ഥാനത്തെ റോഡുകളുടെ ഗുണനിലവാരം ഒരു കുതിച്ചുചാട്ടത്തിന് ഒരുങ്ങുകയാണ്.

40. പ്രകൃതി ദുരന്തമോ അപകടമോ കാരണം കഷ്ടപ്പെടുന്നവരുടെ ആശ്രിതർക്ക് കൂടുതൽ സാമ്പത്തികസഹായം നൽകുന്നതിനുവേണ്ടി ഒരു ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പ്രകൃതിദുരന്തം മൂലം കെട്ടിടങ്ങൾ, വസ്തുവകകൾ, കന്നുകാലികൾ എന്നിവയ്ക്കുണ്ടാകുന്ന നഷ്ടങ്ങളും ഈ നിർദ്ദിഷ്ട പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. പുതിയ ഡിസ്സാസ്റ്റർ മാനേജ്മെന്റ് വകുപ്പിൻകീഴിൽ, ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു സ്ഥിരം അതോറിറ്റി രൂപീകരിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ നിയമനിർമ്മാണവും താമസിയാതെതന്നെ കൊണ്ടുവരുന്നതാണ്. നിലവിലുള്ള കൈവശക്കാർക്ക് കുളം/തോട്/നദി പുറമ്പോക്കു ഭൂമികൾ, അത്തരം ഭൂമിയോടു ചേർന്ന് ഇപ്പോൾ കുളം/തോട്/നദി എന്നിവയില്ലെങ്കിൽ പതിച്ചുനൽകുവാനുള്ള ഒരു നിർദ്ദേശംകൂടി എന്റെ സർക്കാർ പരിഗണിച്ചുവരുന്നു. കൈവശാവകാശ സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടുള്ള നദീതീരവാസികളെ പുനരധിവസിപ്പിച്ചുകൊണ്ട് നദീതീരങ്ങൾ സംരക്ഷിക്കുന്നതിനായുള്ള ഒരു പുതിയ പദ്ധതി ആവിഷ്ക്കരിക്കുന്നതിനുദ്ദേശിക്കുന്നു. അങ്ങനെയുള്ള താമസക്കാരെ അടുത്തുതന്നെയുള്ള സർക്കാർവക സ്ഥലത്ത് പുനരധിവസിപ്പിക്കുന്നതാണ്.

41. ഗ്രാമീണ വികസനത്തിന്റെ ഭാഗമായി, എസ്. ജി. എസ്. വൈ. യുടെ കീഴിലുള്ള, നൂതനമായ സാമ്പത്തിക പ്രവർത്തനങ്ങൾകൊണ്ട്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങളെ സഹായിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ആ വിധം ജനങ്ങൾക്ക് ജൈവ കൃഷി വിവര സാങ്കേതിക വിദ്യ, ഔഷധ സസ്യകൃഷി, പരിസ്ഥിതിക്കനുയോജ്യമായ ഉൽപന്നങ്ങളുടെ ഉത്പാദനം തുടങ്ങിയ നൂതന പ്രവൃത്തികളിലൂടെ തൊഴിൽ നേടുന്നതിന് പരിശീലനം

നൽകുന്നതാണ്. കൂടാതെ, ഗ്രാമീണ യുവജനങ്ങളെ സ്വയംതൊഴിൽ സംരംഭങ്ങളിൽ കൂടുതൽ കാര്യക്ഷമവും വിജയപ്രദവുമായ രീതിയിലും ഏർപ്പെടുന്നതിന് പ്രചോദനം നൽകുക എന്ന കാഴ്ചപ്പാടോടെ, പരിശീലന പരിപാടികൾ വഴി കാര്യക്ഷമത വർധിപ്പിക്കുന്നതിന് ജില്ലാതലത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

**42.** പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഇടയിലുള്ള വിദ്യാസമ്പന്നരായ തൊഴിൽരഹിതർക്ക്, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ, എന്റെ സർക്കാർ അവർക്കായി ഒരു സ്വയം തൊഴിൽ വ്യവസായ സംരംഭക പരിപാടി ആവിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നിലവിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുംകൂടി ഉദ്ദേശിക്കുന്നു. ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കു വേണ്ടി ഒരു പുനരധിവാസ പദ്ധതി നടപ്പിലാക്കാനും കൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്യുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 3374 ആദിവാസി കുടുംബങ്ങൾക്ക് ഇതിനകം തന്നെ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വയനാട് ജില്ലയിലെ സുഗന്ധഗിരി, പൂക്കോട് എന്നിവിടങ്ങളിലെ 375 ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയിൻമേലുള്ള അവകാശ രേഖ കൊടുത്തിട്ടുണ്ട്. വരുന്ന വർഷം ഭൂരഹിത ആദിവാസികൾക്ക് എല്ലാവർക്കും തന്നെ ഭൂമി വിതരണം ചെയ്യണമെന്ന ലക്ഷ്യം കൈവരിക്കുവാൻ എന്റെ സർക്കാർ ഈ ദിശയിലുള്ള അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. ഉന്നത വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങളിൽ നിന്നും പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ വൻതോതിൽ വിദ്യാഭ്യാസം ഉപേക്ഷിച്ച് പോകുന്ന രീതി മാറ്റുന്നതിനും തട

യുന്നതിനും വേണ്ടി, എന്റെ സർക്കാർ, ഒരു കൗൺസിലിംഗ് പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പട്ടികവർഗ്ഗക്കാർക്കു വേണ്ടി കുടുംബശ്രീയുടെ മാതൃകയിൽ മൾട്ടി പർപ്പസ് ഡവലപ്മെന്റ് ഓറിയന്റഡ് സെന്ററുകൾ രൂപീകരിക്കാനും കൂടി ഉദ്ദേശിക്കുന്നു.

**43.** 2003-ലെ ദേശീയ ജൈവ-വൈവിദ്ധ്യ ആക്റ്റിന് അനുസൃതമായി, സംസ്ഥാനത്തെ ജൈവ-വൈവിദ്ധ്യത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിലേക്ക് കേരള സംസ്ഥാന ജൈവ-വൈവിദ്ധ്യ ബോർഡ് സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഗവേഷകർക്കും അക്കാദമിക് പണ്ഡിതന്മാർക്കും വ്യവസായികൾക്കും ഇടയിൽ ബൗദ്ധിക സ്വത്ത് അവകാശങ്ങൾ സംബന്ധിച്ച് അവബോധം വളർത്തുവാനും കേരളത്തിൽ പേറ്റന്റ് പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനും, കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക ശാസ്ത്ര പരിസ്ഥിതി സമിതി ഒരു 'പേറ്റന്റ് ഇൻഫർമേഷൻ സെന്റർ' ആരംഭിച്ചിട്ടുണ്ട്.

**44.** സാമൂഹ്യ മേഖലയിൽ, ആത്മഹത്യാ പ്രവണതയുള്ള വ്യക്തികൾക്ക് കൗൺസിലിംഗ് നൽകുവാനുള്ള ഉദ്ദേശത്തോടെ, തിരുവനന്തപുരം, ഇടുക്കി, വയനാട് ജില്ലകളിൽ 3 പ്രാദേശിക കൗൺസിലിംഗ് കേന്ദ്രങ്ങൾ തുടങ്ങുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇപ്പോൾ 3 ബ്ലോക്കുകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന 'ടേക്ക് ഹോം റേഷൻ സ്കീം' ബാക്കിയുള്ള 160 ഐ.സി.ഡി.എസ്. ബ്ലോക്കുകളിലേക്കുകൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

**45.** കായിക രംഗത്ത് കേരളത്തെ ഒരു സുപ്രധാന ശക്തിയാക്കുന്നതിൽ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കായിക രംഗത്ത് മുന്നിൽ നിൽക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിലുള്ള അതിന്റെ സർവ്വവിധ സാദ്ധ്യതകളും മനസ്സിലാക്കിക്കൊണ്ട് അടുത്ത

ഒളിമ്പിക്സിലും മറ്റ് അന്തർദേശീയ മത്സരങ്ങളിലും ഇൻഡ്യക്കുവേണ്ടി മെഡലുകൾ നേടുന്നതിന് കേരളത്തിനെ പ്രാപ്തമാക്കുന്നതിന് അർപ്പണബോധത്തോടെയുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. കേരളത്തിനുവേണ്ടി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വനിത അത്‌ലറ്റിക് അക്കാദമിക്കുവേണ്ടി എന്റെ സർക്കാർ, ന്യൂഡൽഹിയിലെ സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുമായി അനുയോജ്യമായ രീതിയിൽ ബന്ധപ്പെടുന്നതാണ്. യുവജന രംഗത്ത് യുവാക്കളുടെ ഉന്നമനത്തിനായി അവരുടെ കഴിവുകൾ തിരിച്ചുവിടുന്നതിന് യുവാക്കളുടെ സംഘടനകളുമായി എന്റെ സർക്കാർ ചർച്ച ആരംഭിച്ചിട്ടുണ്ട്. തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി യുവാക്കളുടെ സംഘങ്ങൾക്ക് ഉല്പാദന-വിപണന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്നതിനുകൂടി ഉദ്ദേശിക്കുന്നു.

46. കാലതാമസം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ, സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള ജോലി എന്റെ സർക്കാർ ഇതിനകം തന്നെ തുടങ്ങിക്കഴിഞ്ഞു. വരുന്ന സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ എല്ലാ സബ്‌രജിസ്ട്രാർ ഓഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കണമെന്ന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പലവിധ ആവശ്യങ്ങൾക്കായി സബ് രജിസ്ട്രാർ ഓഫീസുകളിൽ വരുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനു വേണ്ടി എം. ജി. പി. യുടെ ഫണ്ടുപയോഗിച്ച് അത്തരം 69 ഓഫീസുകളുടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ലോട്ടറികളെ സംബന്ധിച്ചിടത്തോളം കേരള സംസ്ഥാനത്ത് മറ്റു സംസ്ഥാനങ്ങളുടെ ലോട്ടറി ടിക്കറ്റുകൾ നിയമവിരുദ്ധമായി വിപണനം ചെയ്യുന്നതിനെതിരെ എന്റെ സർക്കാർ സന്ധിയില്ലാ

സമരത്തിലേർപ്പെട്ടിരിക്കുകയാണ്. സർക്കാരിന്റെ എല്ലാ ശക്തിയുമുപയോഗിച്ച് എല്ലാ തലങ്ങളിലും ഈ യുദ്ധം തുടരുന്നതുമാണ്.

47. സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയുടെ വികസനത്തിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. രാജ്യത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഇപ്പോൾ പ്രഥമ സ്ഥാനത്ത് വില ഉറപ്പിച്ചിരിക്കുന്നത് കേരളമാണ്. സംസ്ഥാനത്തേക്കുള്ള വിദേശ സഞ്ചാരികളുടെ വരവിൽ, എക്കാലത്തെയും ഉയർന്ന വളർച്ചയാധിക്യമായ 26.68% 2003 വർഷത്തിൽ രേഖപ്പെടുത്തുകയുണ്ടായി. അടുത്ത സാമ്പത്തിക വർഷത്തിൽ, ഓരോ ജില്ലയിലും, കുറഞ്ഞത് ഒരു വിനോദസഞ്ചാര കേന്ദ്രമെങ്കിലും സമഗ്രമായി വികസിപ്പിച്ചെടുക്കുന്നതിനും എന്റെ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കും. തീർത്ഥാടനകേന്ദ്രങ്ങളും തീർത്ഥാടന പര്യടനങ്ങളും വികസിപ്പിക്കുന്നതാണ്. പ്രമുഖ നഗരങ്ങളിൽ ടൗൺ സ്ക്വയറുകൾ വികസിപ്പിക്കുന്നതാണ്. ജലകായിക വിനോദങ്ങൾക്കും സാഹസിക വിനോദ സഞ്ചാരത്തിനും മുൻഗണന നൽകും. വഴിയോര സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടിയുള്ള 'വഴിയോരം പദ്ധതി' സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ മുൻഗണനാക്രമത്തിൽ, ഏറ്റെടുക്കുന്നതാണ്. ഗ്രാമീണ വിനോദസഞ്ചാരം സംസ്ഥാനത്താകമാനം വ്യാപിപ്പിക്കുന്നതാണ്. കേരളത്തിന്റെ വിനോദസഞ്ചാരമേഖലയുടെ വിപണനോദ്യമങ്ങൾ അമേരിക്കൻ ഐക്യനാടുകൾ ദക്ഷിണ പൂർവ്വേഷ്യൻ രാജ്യങ്ങൾ തുടങ്ങിയ പുതിയ കമ്പോളങ്ങളിലേക്ക് വ്യാപിപ്പിക്കും. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ ശക്തിപ്പെടുത്തും. ആലപ്പുഴയിലും കണ്ണൂരിലും ഹോട്ടലുകൾക്കുവേണ്ടി പുതിയ പദ്ധതികൾ കെ. റ്റി. ഡി. സി. ആരംഭിക്കുന്നതാണ്. കെ. റ്റി. ഡി. സി. യുടെ കീഴിൽ നിലവിലുള്ള ഹോട്ടലുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കും. എക്കോ-ടൂറിസ ഉദ്യമങ്ങളോടൊപ്പം തന്നെ സുസ്ഥിരമായ വിനോദസഞ്ചാരത്തിനും പൈതൃകപാരമ്പര്യങ്ങളുടെയും

സംസ്കാരത്തിന്റെയും സംരക്ഷണത്തിനും നൽകുന്ന ഊന്നൽ തുടരുന്നതാണ്. അടിസ്ഥാന സൗകര്യങ്ങളുടെ ഗുണനിലവാരം വികസിപ്പിക്കുന്നതിനും വിനോദസഞ്ചാര ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനും സ്വകാര്യമേഖലക്ക് നൽകിവരുന്ന സഹായം തുടരുന്നതാണ്. എല്ലാ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കും കുടുംബശ്രീയും മറ്റ് സർക്കാരിതര സംഘടനകളും ചേർന്ന് തുടക്കം കുറിച്ച ക്ലീൻ ഡെസ്റ്റിനേഷൻ സ്കീം വ്യാപിപ്പിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

48. നവീകരണത്തിലൂടെയും കമ്പ്യൂട്ടർവൽക്കരണത്തിലൂടെയും മോട്ടോർ വാഹനവകുപ്പിന്റെ സേവനപ്രദാന സംവിധാനങ്ങൾ സമൂലമായി പരിപോഷിപ്പിക്കുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. റോഡ് സുരക്ഷ ഉറപ്പാക്കുന്നതിലും അതുപോലെ പ്രതിജ്ഞാബദ്ധമാണ്. ഏറെ നാളായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന റോഡ് സുരക്ഷാ അതോറിറ്റിയും റോഡ് സുരക്ഷാ ഫണ്ടും രൂപീകരിക്കുന്നതിനുള്ള, നിയമനിർമ്മാണം, ഉടൻതന്നെ യാഥാർത്ഥ്യമാകുന്നതാണ്. ഈ അതോറിറ്റി നിലവിൽ വരുന്നതോടെ റോഡ് സുരക്ഷാ നടപടികളിൽ പ്രത്യക്ഷമായ പുരോഗതി കാണുമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു.

49. ലോക ബാങ്ക് സഹായത്തോടെയുള്ള ദേശീയ ഹൈഡ്രോളജി പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാക്കിയ വിവരം അറിയിക്കുന്നതിന് വളരെയധികം സംതൃപ്തിയുണ്ട്. 2005-2006 കാലയളവിൽ ഈ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ചെറുകിട-ജലസേചന ശുദ്ധജല വിതരണ രംഗത്ത് ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന 63 ആർ. ഐ. ഡി. എഫ്. പദ്ധതികൾ 2005-2006 കാലയളവിൽ പൂർത്തീകരിക്കുന്നതാണ്. എന്റെ

സർക്കാർ, 2005-2006 മുതൽ 3 വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനായി മൂവാറ്റുപുഴ പദ്ധതി, കാരാപ്പുഴ പദ്ധതി, തൃത്താലയിലെ 'റെഗുലേറ്റർ കം ബ്രിഡ്ജ്' എന്നിവ അവസാനഘട്ട പദ്ധതികളായി തിരഞ്ഞെടുത്തിട്ടുണ്ട്. കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ എത്തിക്കുന്നതിനും ആർജ്ജിച്ച ജലസേചന സാധ്യതകൾ പരമാവധി വിനിയോഗിക്കുന്നതിനുവേണ്ടി 'കല്ലട ജലസേചന പദ്ധതി' കൂടി 2005-2006 കാലഘട്ടത്തിൽ കമാൻഡ് ഏരിയ വികസന അതോറിറ്റിയുടെ കീഴിൽ കൊണ്ടുവരുന്നതിനായി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. 'കാഡ' പദ്ധതി പ്രദേശത്ത് പങ്കാളിത്ത ജലസേചന മാനേജ്മെന്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനുംകൂടി ഉദ്ദേശിക്കുന്നു. ലോക ബാങ്ക് സഹായത്തോടെയുള്ള 'ജലനിധി' പദ്ധതി പുനരാസൂത്രണം ചെയ്തുകൊണ്ട് അതിന്റെ പ്രവർത്തനം സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്ന വിധത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ 2005-2006 കാലഘട്ടത്തിൽ 1200 ശുദ്ധജലവിതരണ പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുകൂടി ഉദ്ദേശിക്കുന്നു. 2005-2006 കാലയളവിൽ കേരള വാട്ടർ അതോറിറ്റി 101 ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ജെ. ബി. ഐ. സി. സഹായത്തോടുകൂടിയുള്ള 1787 കോടി രൂപയുടെ ശുദ്ധജല വിതരണ പദ്ധതികൾ നിർമ്മാണഘട്ടത്തിലേക്ക് പ്രവേശിക്കുന്നതും 2005-2006 കാലയളവിൽ അവ ഗണ്യമായ പുരോഗതി കൈവരിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

50. മഴവെള്ള സംഭരണം സാർവ്വത്രികമാക്കുന്നതിനുള്ള തീവ്രയത്നം നടത്തുന്നതിനായി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഈ ആവശ്യത്തിനു വേണ്ടിയുള്ള നയതന്ത്രങ്ങൾക്കും കർമ്മ പദ്ധതിക്കും അന്തിമ രൂപം നൽകിക്കഴിഞ്ഞു. സംസ്ഥാനത്തൊട്ടാകെ ബോധവൽക്കരണം നടത്തുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും

മാതൃകാ മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നു. കഴിഞ്ഞ വരൾച്ചക്കാലത്ത് ടാങ്കർ ലോറി വഴി വെള്ളം വിതരണം ചെയ്ത 12,000 ത്തിലേറെ സ്ഥലങ്ങളിൽ മഴവെള്ള സംഭരണ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി എന്റെ സർക്കാർ പ്രയത്നിക്കുന്നതാണ്.

51. നമ്മുടെ തീരദേശ മാനേജ്മെന്റ് പദ്ധതിയുടെ അപര്യാപ്തതയെയാണ് ഈ അടുത്ത കാലത്ത് സംസ്ഥാനത്തിന്റെ തീരദേശങ്ങളിൽ സുനാമി ദുരന്തംമൂലമുണ്ടായ നാശനഷ്ടങ്ങൾ വെളിവാക്കുന്നത്. സംസ്ഥാനത്തിന്റെ തീരദേശത്തിന്റെയും തീരദേശത്ത് നിവസിക്കുന്ന ജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള കുറ്റമറ്റ നയതന്ത്രങ്ങൾ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടി എന്റെ സർക്കാർ ആ രംഗത്ത് വീണ്ടും കടന്നുചെല്ലുന്നതിന് ഉദ്ദേശിക്കുന്നു.

52. ചുരുക്കത്തിൽ, എന്റെ സർക്കാരിന്, സംസ്ഥാനത്തിന്റെ വികസനത്തിനും വളർച്ചയ്ക്കും വേണ്ടിയുള്ള ഒരു വീക്ഷണം ഉണ്ടെന്നുള്ളത് സുവ്യക്തമാണ്. അതിന്റെ വീക്ഷണം യാഥാർത്ഥ്യമാക്കുവാൻ അതിന് ആവശ്യമായ ഇച്ഛാശക്തി ഉണ്ട് എന്നുള്ളതും വ്യക്തമാണ്. വരുംകാലങ്ങളിൽ ഈ ചിന്തയുടെയും പ്രവൃത്തിയുടെയും പ്രബലമായ സമ്മിശ്രണം സംസ്ഥാനത്തിനും അതിലെ ജനങ്ങൾക്കും വേണ്ടി അത്ഭുതങ്ങൾ സൃഷ്ടിക്കുമെന്നതിൽ എനിക്ക് യാതൊരു സംശയവുമില്ല. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇതിനു മുമ്പെങ്ങും ദർശിച്ചിട്ടില്ലാത്ത വികസനത്തിന്റേയും വളർച്ചയുടെയും ക്ഷേമപഥത്തിലേക്ക് എത്തിക്കുന്നതിനു വേണ്ടിയുള്ള എന്റെ സർക്കാരിന്റെ ആത്മാർത്ഥമായ പരിശ്രമങ്ങൾക്ക് ഈ മഹനീയ സഭയിലെ എല്ലാ അംഗങ്ങളുടെയും പിന്തുണ ഉണ്ടാകുമെന്നും എനിക്ക് ബോധ്യമുണ്ട്.

**53.** ഭാരതത്തിലെ ഒരു മുൻ നിര സംസ്ഥാനമായി കേരളത്തെ ഉയർത്തിക്കൊണ്ടു വരുന്നതിന് എന്റെ സർക്കാരിന്റെ പ്രയത്നവുമായി എല്ലാ രാഷ്ട്രീയ പാർട്ടികളും, സാമാന്യ ജനങ്ങളും മുന്നോട്ട് വന്ന് സഹകരിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി എന്റെ അഭിസംബോധന ഉപസംഹരിക്കട്ടെ.

ഈ സഭയിലെ ചർച്ചകൾക്ക് ഞാൻ എല്ലാ വിജയവും ആശംസിക്കുന്നു.

ജയ് ഹിന്ദ്